# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നാദാപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി6/1833/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 22/12/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നാദാപുരം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : നാദാപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നാദാപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി6/1833/2023 തീയ്യതി: 22/12/2023

## കോഴിക്കോട് ജില്ലയിലെ നാദാപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ നാദാപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ജോഷോ ബെന്നറ്റ് ജോൺ, കെ.എ.എസ് | ഡെപ്യൂട്ടി ഡയരക്ടർ | 17-11-2023 | 24-11-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-11-2023 | 24-11-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ബാലകൃഷ്ണൻ കെ.എം,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ.ഗിരീശൻ പാറപ്പൊയിൽ ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ.രാജീവൻ എൻ, സീ.ഗ്രേ.ഓഡിറ്റർ

ശ്രീമതി ധന്യ കെ,സീ.ഗ്രേ.ഓഡിറ്റർ

ശ്രീമതി ജാസിർ സി.എം,സീ.ഗ്രേ.ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വി.വി.മുഹമ്മദലി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. പ്രേമാനന്ദൻ ടി,അസി.സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2022 | 04-05-2022 |
| ശ്രീ. ടി.ഷാഹൽഹമീദ് | സെക്രട്ടറി | 05-05-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സജീറ സി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. പ്രേമാനന്ദൻ ടി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി ഗീത ജി.കെ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2022 | 09-01-2023 |
| ശ്രീമതി ശാലിനി വി | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 10-01-2023 | 31-03-2023 |
| ഡോ. തൻസീറ കെ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 11-04-2022 |
| ഡോ.ഷൈനി പി ബി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 12-04-2022 | 31-03-2023 |
| ശ്രീമതി സോണിയ | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീ. അവിനാഷ് ഐ | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ഡോ.ജമീല | മെഡിക്കൽ ഓഫീസർ ,താലൂക്ക് ഹോസ്പിറ്റൽ,നാദാപുരം | 01-04-2022 | 31-03-2023 |
| ഡോ. മുംതാസ് എം.കെ | മെഡിക്കൽ ഓഫീസർ ( ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ശ്രീ.സി.എച്ച് പ്രദീപ്കുമാർ | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി സുനിഷ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ഡോ.രജിത് ടി | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി സ്മിത എം | അസി.എഞ്ചിനീയർ | 01-04-2022 | 29-07-2022 |
| ശ്രീമതി അമൃത ജി.എസ് | അസി.എഞ്ചിനീയർ | 30-07-2022 | 31-07-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ്-ഫ്ലോ പത്രിക | 1-1-2 |
| 4 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-3 |
| 5 | പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. | 1-1-4 |
| 6 | ആസ്തികൾക്ക് തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കിയിട്ടില്ല | 1-1-5 |
| 7 | ഇ-ടെണ്ടർ ഫീ | 1-1-6 |
| 8 | ആസ്തികൾ സ്ഥാപനത്തിന്റെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല | 1-1-7 |
| 9 | സ്ഥാപനത്തിന്റെ ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-8 |
| 10 | ചെലവ് തുക പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | മരാമത്ത് പ്രവൃത്തികളുടെ തനത് ഫണ്ട് ചെലവ്-വാർഷികകണക്കിൽ ഉൾപ്പെടുത്തുന്നില്ല. | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 14 | ഫണ്ട് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | ആഭ്യന്തരനിയന്ത്രണം | 1-6 |
| 17 | ടാക്സ് ഓഡിറ്റ് | 1-7 |
| 18 | തൊഴിൽ നികുതി - ഡിമാന്റ് പൂർണ്ണമല്ല. | 1-8 |
| 19 | അനർഹരാവുന്ന പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ സമയബന്ധിതമായി സസ്പെൻഡ് ചെയ്യുന്നില്ല. | 1-9 |
| 20 | മത്സ്യമാർക്കറ്റ് ലേലം തുക മുഴുവനായും അക്കൗണ്ടിൽ വരവ് വന്നില്ല . | 1-10 |
| 21 | കമ്യൂണിറ്റിഹാൾ കം കല്യാണമണ്ഡപം -വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല . | 1-11 |
| 22 | പഞ്ചായത്തിൽ നടന്ന ലേലം പിരിവുമായി ബന്ധപ്പെട്ട അപാകതകൾ . | 1-12 |
| 23 | കെട്ടിട നിർമ്മാണ പെർമിറ്റ് ഫയലുകൾ ലഭ്യമാക്കിയില്ല | 1-13 |
| 24 | മരാമത്ത് പ്രവൃത്തികളുടെ തനത് ഫണ്ട് ചെലവ് അസി.എഞ്ചിനീയറുടെ അക്കൗണ്ട് വഴി | 1-14 |
| 25 | മരാമത്ത് പ്രവൃത്തികളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-15 |
| 26 | റോഡ് അറ്റകുറ്റപ്പണി സമയബന്ധിതമല്ല- അറ്റകുറ്റപ്പണിക്ക് ചെലവേറുന്നു | 1-16 |
| 27 | പൊതു മരാമത്ത് പ്രവൃത്തികൾ : മോണിട്ടറിംഗ് ഫലപ്രദമല്ല | 1-17 |
| 28 | ഇ ടെണ്ടർ ഫീസ് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുന്നില്ല | 1-18 |
| 29 | റോഡുകളുടെ നിർമ്മിതി മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല | 1-19 |
| 30 | കമ്പ്യൂട്ടർ വാങ്ങിയതിലെ അപാകതകൾ | 1-20 |
| 31 | കാലിത്തീറ്റ സബ്സിഡി നൽകിയതിലെ അപാകതകൾ | 1-21 |
| 32 | വർഷങ്ങളായി ഉപയോഗിക്കാതെയിരിക്കുന്ന ട്രാക്ടർ വർഷം തോറും ഇൻഷൂർ ചെയ്യുന്നു . | 1-22 |
| 33 | പഞ്ചായത്ത് ഭൂമിക്ക് നികുതി ഒടുക്കുന്നില്ല | 1-23 |
| 34 | ആസൂത്രണ സമിതി ചുമതല തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിൽ വീഴ്ച വരുത്തുന്നു | 1-24 |
| 35 | വിദ്യാഭ്യാസ ആനുകൂല്യത്തിനായി എസ്.സി വിദ്യാർത്ഥികളോട് വരുമാന സർട്ടിഫിക്കറ്റ് വാങ്ങുന്നു | 1-25 |
| 36 | ഐ.സി.ഡി.എസ് ഓഫീസിലേക്ക് അധിക വിലയ്ക്കുള്ള ഡസ്ക് ടോപ്പ് വാങ്ങി | 1-26 |
| 37 | പഞ്ചായത്തിൽ ടേക്ക് എ ബ്രേക്ക് പ്രവൃത്തി പൂർത്തിയായില്ല | 1-27 |

| | | |
|---|---|---|
| 38 | തൊഴിൽ സംരംഭങ്ങൾക്ക് ഊന്നൽ നൽകി പദ്ധതി രൂപീകരിക്കുന്നതിൽ വീഴ്ച | 1-28 |
| 39 | ഫിഷറീസ് മേഖലയിൽ പദ്ധതി നടപ്പാക്കിയില്ല | 1-29 |
| 40 | അങ്കണവാടികളിൽ ശിശു സൗഹൃദ ചുമർച്ചിത്രം തയ്യാറാക്കിയതിലെ അപാകതകൾ | 1-30 |
| 41 | ഹരിത കർമ്മസേന പ്രവർത്തനങ്ങളിലെ അപാകതകൾ | 1-31 |
| 42 | പദ്ധതി തുക കൈമാറി മാസങ്ങൾ കഴിഞ്ഞിട്ടും ഹോമിയോ മരുന്ന് ലഭിച്ചില്ല | 1-32 |
| ഭാഗം **2** | | |
| 1 | പഞ്ചായത്തിൽ നടന്ന ലേലം പിരിവുമായി ബന്ധപ്പെട്ട അപാകതകൾ . | 2-1 |
| 2 | മത്സ്യമാർക്കറ്റ് ലേലം തുക മുഴുവനായും വരവ് വന്നില്ല . | 2-2 |
| ഭാഗം **3** | | |
| 1 | വർഷങ്ങളായി ഉപയോഗിക്കാതെയിരിക്കുന്ന ട്രാക്ടർ വർഷം തോറും ഇൻഷ്വർ ചെയ്യുന്നു . | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215 (4) പ്രകാരം പഞ്ചായത്തിന്റെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 27.06.2023തിയ്യതിയിലെ 66/23 തീരുമാന പ്രകാരം തയ്യാറാക്കി 28.06.2023 തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള നാദാപുരം ഗ്രാമ പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീത്, പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് അക്കൗണ്ട് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയിട്ടുള്ള പഞ്ചായത്തി രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഒരു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.
അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, നാദാപുരം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപെടുത്തിയിട്ടില്ല

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദാ-റേഷ്യോസ്.

### 1-1-2 ക്യാഷ്-ഫ്ലോ പത്രിക

വാർഷികകണക്കിനോടൊന്നിച്ച് സമർപ്പിച്ച ക്യാഷ്-ഫ്ലോ പത്രികയിലെ ആകെ ക്യാഷ്-ഫ്ലോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-1-3 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.**

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. ഉദാ-വസ്തു നികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി വരുത്തുന്നില്ല.

**1-1-4 പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.**

ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

**1-1-5 ആസ്തികൾക്ക് തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കിയിട്ടില്ല**

ആസ്തികൾക്ക് തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി ആയത് ജേർണൽ മുഖേന രേഖപ്പെടുത്തിയിട്ടില്ല.

**1-1-6 ഇ-ടെണ്ടർ ഫീ**

ഇ-ടെണ്ടർ ഫീ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ട തുക നിലവിൽ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എക്കൗണ്ടിലേക്കാണ് വരവ് വെക്കുന്നത്. ഈയിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള വിഹിതം ഡിമാന്റ് ചെയ്ത് ആയത് ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ ബി-15 ൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-7 ആസ്തികൾ സ്ഥാപനത്തിന്റെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല**

തൻവർഷം സെക്രട്ടറി,അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി വാങ്ങിയ ലാപ്ടോപ്പുകൾ ഒന്നും തന്നെ ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല .

**1-1-8 സ്ഥാപനത്തിന്റെ ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല**

ഗ്രാമപഞ്ചായത്തിൽ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ എന്ന പദ്ധതിയിൽ സാങ്കേതികാനുമതി ഇല്ലാത്തതിനാൽ ചെലവ് നടത്താൻ സാധിച്ചിരുന്നില്ല. 2022-23 വർഷം പ്രോജക്ട് നം-92/22-23(സ്പിൽ ഓവർ) പ്രകാരം 4,90,592/-രൂപ പേയ്മെന്റ് നടത്തിയിട്ടുണ്ട്. കരാറുകാരന് നൽകാനുള്ള മേൽ തുക 2021-22 വർഷത്തെ ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്താതെയാണ് ചെലവ് ചെയ്തിട്ടുള്ളത്.

**1-1-9 ചെലവ് തുക പൊരുത്തപ്പെടുന്നില്ല**

വികസന ഫണ്ട് -ജനറൽ ഇനത്തിലെ യഥാർത്ഥ ചെലവ് 2,65,41,499/- രൂപയാണ് (ACR + GO Project). എന്നാൽ വാർഷികകണക്കിൽ 2,62,55,007/- രൂപയുടെ ചെലവാണ് ഉൾപ്പെട്ടിട്ടുള്ളത്.

**1-1-10 മരാമത്ത് പ്രവൃത്തികളുടെ തനത് ഫണ്ട് ചെലവ്-വാർഷികകണക്കിൽ ഉൾപ്പെടുത്തുന്നില്ല.**

ഓഡിറ്റ് വർഷാവസാനം എഞ്ചിനീയറുടെ അക്കൗണ്ടിൽ 2,33,444/-രൂപ നീക്കിയിരിപ്പുണ്ടെങ്കിലും ആയത് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ഖണ്ഡിക 1-14 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**1-2 ബജറ്റ്**

24.03.2022 തീയതിയിലെ 67/2022 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 15.03.2023 തീയതിയിലെ 333/23 തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 4,73,90,776 |
| വരവ് | 8,45,36,809 |
| ആകെ | 13,19,27,585 |
| ചെലവ് | 8,23,38,959 |
| നീക്കിയിരിപ്പ് | 4,95,88,626 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 2,67,85,000 | 2,67,85,000 | 2,65,41,499 | 2,43,501 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 13,25,000 | 13,25,000 | 11,57,063 | 1,67,937 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 1,29,01,300 | 1,29,01,300 | 45,79,764 | 83,21,536 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 72,96,000 | 72,96,000 | 62,23,485 | 10,72,515 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | PFMS | 50,79,372 | 65,09,000 | 1,15,88,372 | 41,49,339 | 74,39,033 |
| | TREASURY | 0 | 57,23,844 | 57,23,844 | 20,48,284 | 36,75,560 |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) | PFMS | 3,01,634 | 46,96,189 | 49,97,823 | 37,26,418 | 12,71,405 |
| | TREASURY | 0 | 0 | 0 | 0 | 0 |

## 1-5 പദ്ധതി അവലോകനം

തൻവർഷം 222 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 144 പ്രൊജക്ടുകൾ നടപ്പിലാക്കി. 13,75,83,881 രൂപ പദ്ധതി അടങ്കലായി വകയിരുത്തിയതിൽ 6,61,05,062 രൂപയാണ് ചെലവ് . ഫിഷറീസ്,ചെറുകിട വ്യവസായം, വനിതാ ഘടകപദ്ധതി എന്നീ മേഖലകളിൽ പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല. ഹെഡ്മാസ്റ്റർ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല. ടേക്ക് എ ബ്രേക്ക് പദ്ധതി പ്രവർത്തനമാരംഭിച്ചിട്ടില്ല. പൊതുവിഭാഗം വികസനഫണ്ടിന്റെ 99% വിനിയോഗിച്ചിട്ടുണ്ട്. എസ്.സി.പി ഫണ്ട് മുഴുവൻ ചെലവഴിച്ചിട്ടില്ല. റോഡ് മെയിന്റനൻസ് ഗ്രാന്റിന്റെ 39.49% മാത്രമാണ് ചെലവ്. ലഭിച്ച തുക ചെലവഴിക്കാത്തതിനാൽ 1,34,81,049 രൂപ നഷ്ടപ്പെടുത്തിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ഇനം | മുൻ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 2,67,85,000 | 2,67,85,000 | 2,65,41,499 | 2,43,501 | 99 |
| എസ്.സി.പി | | 13,25,000 | 13,25,000 | 11,57,063 | 1,67,937 | 87.33 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 1,29,01,300 | 1,29,01,300 | 45,79,764 | 83,21,536 | 35.49 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്) | 0 | 72,96,000 | 72,96,000 | 62,23,485 | 10,72,515 | 85.29 |
| സി.എഫ്.സി, ടൈഡ് (ട്രഷറി മുഖേന) | 0 | 57,23,844 | 57,23,844 | 20,48,284 | 36,75,560 | 35.78 |
| ആകെ | | | | | 1,34,81,049 | |

## 1-6 ആഭ്യന്തരനിയന്ത്രണം

സ്ഥാപനത്തിൽ മാനുവലായി സൂക്ഷിക്കുന്ന പെർമിറ്റ് രജിസ്റ്റർ അടിസ്ഥാനപ്പെടുത്തി ഫയലുകൾ

സൂക്ഷിക്കുകയും സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായ പെർമിറ്റ് രജിസ്റ്ററിലെ ക്രമനമ്പരോ മറ്റ് വിവരങ്ങളോ ഈ രജിസ്റ്ററിൽ രേഖപ്പെടുത്താതിരിക്കുകയും ചെയ്തതിനാൽ ആവശ്യപ്പെട്ട ഫയലുകൾ കണ്ടെത്താൻ കഴിയാത്ത സാഹചര്യമുണ്ട്. സങ്കേതം സോഫ്റ്റ് വെയർ പ്രകാരം 390 പെർമിറ്റുകളാണ് നല്കിയതെങ്കിലും മാന്വൽ രജിസ്റ്ററിൽ 282 നല്കിയതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 2014-15വർഷം മുതൽ മരാമത്ത് പ്രവൃത്തികൾ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഇ ടെണ്ടർ മുഖേന നടത്തി വരുന്നുണ്ട്. അന്നു മുതൽ നാളിതുവരെ ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കുന്ന തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. ആരംഭ കാലത്ത് ഫീസ് തുക തദ്ദേശ സ്വയംഭരണ വകുപ്പ് കോഴിക്കോട് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഇ ടെണ്ടറിനായി ആരംഭിച്ച പ്രത്യേക അക്കൗണ്ടിലായിരുന്നു വരവു വന്നിരുന്നത്. ആർജ്ജിച്ചതും വിട്ടുകിട്ടിയതുമായ കൈവശഭൂമിയുടെ വിവരങ്ങൾ സംബന്ധിച്ച രജിസ്റ്റർ, ആസ്തിരജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ 46 ഭൂമിയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ ആസ്തികളുടെ 2015 വരെയുള്ള കാലയളവിലെ നികുതി മാത്രമാണ് ഒടുക്കിയതായി കാണുന്നത്. മേൽ വിവരിച്ച വിധം രേഖകളുടെ സൂക്ഷിപ്പിലും, മറ്റും സുതാര്യത വരുത്തുന്ന വിധം ആഭ്യന്തര സംവിധാനം ഉണ്ടാകേണ്ടതാണ്.

## 1-7 ടാക്സ് ഓഡിറ്റ്

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തുന്നതിനുള്ള സർക്കാർ നിർദേശപ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023 ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 നമ്പർ കത്തിലെ മാർഗനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ തനത് വരുമാനത്തെ ബന്ധപ്പെടുത്തികൊണ്ടുള്ള ടാക്സ് ഓഡിറ്റ് നടത്തിയതിൽ കണ്ടെത്തിയ അപാകതകൾ വിവിധ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിക്കുന്ന വിഹിതങ്ങളും ധനസഹായങ്ങളും നികുതി നികുതിയേതര തനതു സ്രോതസ്സുകളുമാണ് ഗ്രാമ പഞ്ചായത്തുകളുടെ വരുമാന മാർഗ്ഗങ്ങൾ. സംസ്ഥാന നിയമനിർമ്മാണ സഭകൾ നിയമം വഴി നിർദ്ദേശിക്കുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളും ചുമത്തുന്നതിനും വസൂലാക്കുന്നതിനും വിനിയോഗിക്കുന്നതിനും ഭരണഘടനയുടെ ആർട്ടിക്കിൾ 243 (എച്ച്) പ്രകാരം പഞ്ചായത്തുകൾക്ക് അധികാരമുണ്ട്. അതു പ്രകാരം വസൂലാക്കപ്പെടുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളുമാണ് ഗ്രാമപഞ്ചായത്തുകളുടെ പ്രധാന തനതു വരുമാന സ്രോതസ്സുകൾ. മേൽപറഞ്ഞവയിൽ വസ്തുനികുതി മുഖേനയാണ് ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റവുമധികം തനതു വരുമാനം ലഭിച്ചുവരുന്നത്.

**1. തനതു വരുമാനം വർദ്ധിപ്പിക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം**

ഗ്രാമപഞ്ചായത്തിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്സ് പരിശോധിച്ചതിൽ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തിയതായി കാണുന്നില്ല.

**എ). നികുതി പിരിവ്**

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വസ്തുനികുതി, തൊഴിൽ നികുതി വരവ്, ഈയിനത്തിലെ യഥാർത്ഥ വരവ് എന്നിവ ചുവടെ കൊടുക്കുന്നു.

| നികുതിയിനം | ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | യഥാർത്ഥ വരവ് | വ്യത്യാസം |
|---|---|---|---|
| വസ്തുനികുതി | 16,00,00,000 | 1,49,98,278 | 10,01,722 |
| തൊഴിൽ നികുതി | 40,00,000 | 42,97,659 | 2,97,659 |
| ആകെ | 2,00,00,000 | 1,92,95,937 | 7,04,063 |

**വസ്തുനികുതി**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 200 പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ഒരു വസ്തുനികുതി ചുമത്താവുന്നതും ശുചിത്വ പരിപാലനം, ജലവിതരണം, മാലിന്യ നിർമ്മാർജ്ജനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതുമാണ്.

മേൽ നിയമത്തിലെ 203ാം വകുപ്പ്, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, വസ്തുനികുതി സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എന്നിവയ്ക്ക് വിധേയമായാണ് ഗ്രാമപഞ്ചായത്തുകൾ വസ്തുനികുതി ചുമത്തി വസൂലാക്കേണ്ടത്. 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പിരിവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുകയുണ്ടായി. അതു സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

**അടിസ്ഥാന വിവരങ്ങൾ**

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങൾ, സഞ്ചയ സോഫ്റ്റ് വെയറിലെ കണക്കുകൾ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിലെ 22 വാർഡുകളിലായി നിലവിൽ നിയമാനുസൃതം നിർമ്മിക്കപ്പെട്ട് ഉപയോഗിക്കുന്ന 20247 കെട്ടിടങ്ങളും 10 ടെലികമ്മ്യൂണിക്കേഷൻ ടവറുകളുമാണ് ഉള്ളത്. കെട്ടിടങ്ങളിൽ 408 എണ്ണം നികുതി ഒഴിവാക്കി കൊടുക്കപ്പെട്ടവയാണ്.

**2023 – 24 ലെ നികുതി പരിഷ്കരണം**

22.03.2023 ലെ സ.ഉ(സാധാ)77/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. അതുപ്രകാരം വസ്തുനികുതി നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26.04.2023ലെ 21/2023 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ SC1-5952/2023തി-17.06.2023 നമ്പരായി അന്തിമ നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഭൂപ്രദേശത്തെ പ്രഥമ, ദ്വിതീയ മേഖലകളായി തരം തിരിച്ചുകൊണ്ടുള്ള അന്തിമ വിജ്ഞാപനവും ഇതോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വസ്തുനികുതി പരിഷ്കരിച്ചത് സംബന്ധിച്ച് സഞ്ച സഞ്ചയ സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്തിയിട്ടില്ല. നിലവിൽ ഗ്രാമപഞ്ചായത്തിൽ പഴയ നിരക്കിലാണ് വസ്തു നികുതി ചുമത്തുന്നത്.

**ഫീൽഡ്തല പരിശോധനകൾ**

വസ്തുനികുതി നിർണ്ണയത്തിന് ശേഷം കെട്ടിടങ്ങളിൽ നടന്നിരിക്കാൻ സാധ്യതയുള്ള കൂട്ടിച്ചേർക്കലുകൾ, പരിവർത്തനങ്ങൾ, ഉപയോഗക്രമ മാറ്റം തുടങ്ങിയവയൊക്കെ കണ്ടെത്തി ആയതിനനുസരിച്ച് നികുതി പുനർനിർണ്ണയം നടത്തുന്നതിനും, അനധികൃതമായി നിർമ്മിക്കപ്പെട്ടതും നികുതി നിർണ്ണയിക്കപ്പെടാത്തതുമായ കെട്ടിടങ്ങൾ കണ്ടെത്തി അവയെല്ലാം വസ്തുനികുതി പരിധിയിൽ കൊണ്ടുവരുന്നതിനുമുള്ള നടപടികൾ ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ട്.

**സേവന ഉപനികുതി**

ശുചിത്വപരിപാലനം, ജലവിതരണം, മാലിന്യനിർമ്മാർജ്ജനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം ആവശ്യമുള്ള പക്ഷം പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിലവിൽ വസ്തുനികുതിയോടൊപ്പം സേവന ഉപനികുതി ചുമത്തപ്പെടുന്നില്ല.

1. സംരംഭക ലൈസൻസ് ഫീ.

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിൽ സംരംഭക ലൈസൻസ് ഫീ ഡിമാന്റ് 12,93,670/- രൂപയാണ്. ഓഡിറ്റ് വർഷം അനുവദിച്ച സംരംഭക ലൈസൻസുകളുടെ എണ്ണം 1,647 എണ്ണമാണ് (2726 ഡിമാന്റുകൾ).

മുൻവർഷത്തെ അപേക്ഷിച്ച് 2022-23 വർഷം സംരംഭക ലൈസൻസ് ഫീ ഇനത്തിൽ 293070/- രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

2.തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട അപാകതകൾ നിലനില്ക്കുന്നുണ്ട്. വിവിധ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന റിട്ടേണുകൾ സെക്ഷൻ തലത്തിലും സൂപ്പർവൈസറി തലത്തിലും പരിശോധിക്കുന്നതിൽ വീഴ്ചയുണ്ട്. തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ ഖണ്ഡിക 1-8 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

3. വാടക – വരവുകൾ

മത്സ്യമാർക്കറ്റ് വാടക, കമ്മ്യൂണിറ്റി ഹാൾ കം കല്യാണ മണ്ഡപം വരവ് എന്നിവയാണ് പ്രധാന വാടക വരവുകൾ. ഇതുമായി ബന്ധപ്പെട്ട അപാകതകൾ ഖണ്ഡിക 1-10, 1-11 എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

1. നിലവിലുള്ള കെട്ടിടങ്ങളുടെ വിവര ശേഖരണം പൂർത്തീകരിച്ച് ആയതിന് അനുസൃതമായി വസ്തുനികുതി പരിഷ്കരിക്കേണ്ടതാണ്.
2. സർക്കാർ നിർദ്ദേശിച്ചതു പ്രകാരം 01.04.2023 പ്രാബല്യത്തിൽ നികുതി പരിഷ്കരിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതും പുതുക്കിയ നികുതി നിരക്കുകൾ, മേഖലകൾ, റോഡുകൾ എന്നിവ സംബന്ധിച്ച മാറ്റങ്ങൾ അടിയന്തിരമായി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്.
3. 01.04.2023 ന് ശേഷം നികുതി നിർണ്ണയിച്ച് നൽകിയ കെട്ടിടങ്ങളുടെയെല്ലാം നികുതി പുതുക്കിയ നിരക്കിലും, പുതുക്കിയ ഇളവ് – വർദ്ധനവ് മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തിയും പുനർ നിർണ്ണയിക്കേണ്ടതാണ്.
4. ഗ്രാമപഞ്ചായത്തിൽ യുക്തമായ സ്ഥലങ്ങളിൽ സേവന ഉപനികുതി ഏർപ്പെടുത്തി നികുതി വരുമാനം വർദ്ധിപ്പിക്കാവുന്നതാണോ എന്ന് പരിശോധിക്കാവുന്നതാണ്.
5. നികുതി ചുമത്തപ്പെട്ടശേഷം കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കലുകൾ, പരിവർത്തനങ്ങൾ, ഉപയോഗക്രമം മാറ്റൽ എന്നിവ നടന്നിട്ടുണ്ടോ എന്നും, പഞ്ചായത്തിന്റെ അനുമതിയില്ലാതെ കെട്ടിടം നിർമ്മിച്ച് നികുതി അടയ്ക്കാതെ ഒഴിവായി കിടക്കുന്നുണ്ടോ എന്ന് കൃത്യമായി ഫീൽഡ് പരിശോധന നടത്തിയും, പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയും ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളെയും നികുതി പരിധിയിൽ കൊണ്ടുവരാനുള്ള ഊർജ്ജിത യജ്ഞം നടത്തേണ്ടതാണ്. നിലവിലുള്ള വസ്തുനികുതി ഡിമാന്റിന്റെ നൂറ് ശതമാനം പിരിവ് ഉറപ്പു വരുത്തുന്നതോടൊപ്പം തന്നെ നിലവിലുള്ള കെട്ടിടങ്ങളിൽ നൂറ് ശതമാനവും ഡിമാന്റിൽ ഉൾപ്പെടുത്തുക എന്നതിനും ഗ്രാമപഞ്ചായത്ത് അടിയന്തിര പ്രാധാന്യം നൽകേണ്ടതാണ്.
6. വസ്തുനികുതി പിരിവ് കുറ്റമറ്റതാക്കുന്നതോടൊപ്പം തന്നെ വാണിജ്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ട്രേഡ് ലൈസൻസ് എടുക്കുന്നുണ്ട് എന്നും തൊഴിൽ നികുതി പരിധിയിൽ വരുന്നുണ്ട് എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

**1-8 തൊഴിൽ നികുതി – ഡിമാന്റ് പൂർണ്ണമല്ല.**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, ഉപവകുപ്പ് (1) ബി പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുകയും മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്.

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ, ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ അംഗീകൃത കരാറുകാർ, മെഡിക്കൽ പ്രൊഫഷനലുകൾ, വക്കീലന്മാർ, ആധാരം എഴുത്തുകാർ തുടങ്ങിയവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2.ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന എല്ലാ വാണിജ്യസ്ഥാപനങ്ങളിലെയും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

ഓഡിറ്റ് വർഷത്തിൽ 1647 സംരംഭക - ലൈസൻസുകളാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതായി കാണുന്നില്ല.

ഉദാ-ലൈസൻസ് അപേക്ഷ നം-251/22-23. ശ്രീ.റഫീഖ് സി, ചാലിക്കര എന്നയാളിന്റെ ഉടമസ്ഥതയിലുള്ള ഡി പാരിസ് ബേക്ക്സ് എന്ന സ്ഥാപനത്തിൽ ലൈസൻസ് അപേക്ഷയിൽ 20 ജീവനക്കാരുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

3.ഗ്രാമപഞ്ചായത്ത് പരിധിയിൽ ടർഫ് /കളിസ്ഥലം എന്നിവയുടെ ഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

4. പഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല.

5. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം – വകുപ്പ് 205 ബി പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെ ഉടമയോടോ കൈവശക്കാരനോടോ ഹോട്ടൽ ലോഡ്ജ് നടത്തിപ്പുകാരോടോ അവരുടെ കെട്ടിടത്തിന്റെ താമസക്കാരെക്കുറിച്ചും അവരുടെ തൊഴിലിനെയോ ഉദ്യോഗത്തെയോ വാടകയെ സംബന്ധിച്ചും രേഖാമൂലമുള്ള ലിസ്റ്റ് സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതാണ്. (ചട്ടം 13) എന്നാൽ ഇപ്രകാരം നോട്ടീസ് നൽകിയതായി കാണുന്നില്ല.

6. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്വകാര്യ ട്യൂഷൻ/പി.എസ്.സി പരിശീലനകേന്ദ്രങ്ങൾ, ഡ്രൈവിംഗ് സ്കൂൾ തുടങ്ങിയവയിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

7.റിട്ടേണുകൾ പരിശോധിക്കുന്നതിൽ വീഴ്ച

വിവിധ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന റിട്ടേണുകൾ സെക്ഷൻ തലത്തിലും, സൂപ്പർവൈസറി തലത്തിലും പരിശോധിക്കുന്നതിൽ വീഴ്ചയുള്ളതായി കാണുന്നു. നാദാപുരം വനിത സഹകരണ സംഘത്തിലെ (തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റര് ക്രമ നം-53) ജീവനക്കാരായ ശ്രീ.അമൽ വി.സി, ശ്രീ അനിൽ കുമാർ എം.വി എന്നിവരുടെ ഒന്നാം അർദ്ധവർഷ തൊഴിൽ നികുതിയായി ഈടാക്കിയിരിക്കുന്നത് 1000/- രൂപ വീതമാണ്. എന്നാൽ റിട്ടേണിൽ അർദ്ധവർഷ വരുമാനമായി കാണിച്ചിരിക്കുന്നത് യഥാക്രമം 1,26,990/-, 1,33,590/- രൂപയാണ്. റിട്ടേണിൽ ഫെസ്റ്റിവൽ അലവൻസ്/ ബോണസ് രേഖപ്പെടുത്തിയിട്ടില്ല. ഇത്തരം റിട്ടേണുകൾ പരിശോധന നടത്താത്തത് കാരണം പഞ്ചായത്തിന് വരുമാന നഷ്ടമുണ്ടാകാൻ സാധ്യതയുണ്ട്. സെക്ഷൻ തലത്തിൽ റിട്ടേണുകൾ പരിശോധിക്കാതിരിക്കുന്നതും സൂപ്പർവൈസറി തലത്തിൽ ആയത് ഉറപ്പുവരുത്താത്തതുമാണ് ഇത്തരം അപാകതകൾക്ക് കാരണമാകുന്നത്.

ലഭ്യമായ വരുമാന സ്രോതസ്സുകളിൽ നിന്നും തൊഴിൽ നികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നതിനും ഫീൽഡ് പരിശോധനയിലൂടെ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തി അവയിൽ നിന്നും ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും തൊഴിൽ നികുതി കൃത്യമായി പിരിച്ചെടുക്കേണ്ടതാണ്.

അപാകതകൾ ശ്രദ്ധയിൽപെടുത്തുന്നു. മറുപടി ലഭ്യമാക്കേണ്ടതാണ്.

**1-9 അനർഹരാവുന്ന പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ സമയബന്ധിതമായി സസ്പെൻഡ് ചെയ്യുന്നില്ല.**

സാമൂഹ്യ സുരക്ഷാ പെൻഷന്റെ വിതരണവും മറ്റ് അനുബന്ധ രേഖകളും പരിശോധിച്ചതിൽ നിന്നും ഗുണഭോക്താക്കൾ പെൻഷന് അനർഹരാവുമ്പോൾ പെൻഷൻ സസ്പെൻഡ് ചെയ്യുന്നില്ല എന്ന് കാണുന്നു .

പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട മരണപ്പെട്ടവരുടെ പെൻഷൻ പഞ്ചായത്തിൽ നിന്നും റദ്ദ് ചെയ്യുന്നില്ല. പഞ്ചായത്ത് പരിധിയ്ക്ക് പുറത്ത് വെച്ച് മരണപ്പെട്ടവരുടേയോ, മറ്റ് കാരണങ്ങളാൽ പെൻഷനിൽ നിന്ന് ഒഴിവാക്കപ്പെടേണ്ടവരുടേയോ വിവരങ്ങൾ അറിയുന്നതിനനുസരിച്ച് പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനുള്ള സംവിധാനം പഞ്ചായത്തിൽ നിലവിലില്ല. അതായത് പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യുന്നവരുടെ പെൻഷനും പഞ്ചായത്ത് പരിധിയ്ക്ക് പുറത്ത് വച്ച് മരണം രജിസ്റ്റർ ചെയ്യുന്നവരുടെ പെൻഷനും സമയബന്ധിതമായി സസ്പെൻഡ് ചെയ്യുന്നില്ല .

വീടുകളിലേക്ക് പെൻഷൻ നേരിട്ട് വിതരണം നടത്തുന്ന സഹകരണസ്ഥാപനങ്ങൾ വിവിധ കാരണങ്ങളാൽ പെൻഷൻ തിരിച്ചയച്ചത് ലിസ്റ്റ് സഹിതം സ്ഥാപനത്തിൽ നിന്ന് ലഭ്യമാക്കുമ്പോൾ മാത്രമാണ് നിലവിൽ പെൻഷൻ സസ്പെൻഡ് ചെയ്യുന്നത് .

ജി.ഒ(എം.എസ്)നം.97/2020/ധന തീ. 23-09-2020 ലെ ക്രമ നമ്പർ 12 പ്രകാരം മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും അവരെ ഒഴിവാക്കുന്നതിനും പഞ്ചായത്ത് സെക്രട്ടറിമാർ ബാധ്യസ്ഥരാണ്.എന്നാൽ രേഖകൾ പരിശോധിച്ചതിൽ അത്തരത്തിൽ സമയബന്ധിതമായി പെൻഷൻ സസ്പെൻഷൻ പഞ്ചായത്തിൽ നടക്കുന്നില്ല എന്ന് കാണുന്നു .

മരണം രജിസ്റ്റർ ചെയ്യുന്നതിന് ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി സമർപ്പിക്കേണ്ടതില്ല എന്ന സർക്കാർ ഉത്തരവ് നിലനിൽക്കുന്നതിനാൽ മരണപ്പെട്ട ഗുണഭോക്താക്കളിൽ നിന്നും ആധാർ കാർഡ് ലഭ്യമാക്കിയിട്ടില്ല .അതുകൊണ്ട് മരണപ്പെട്ട ഗുണഭോക്താക്കൾക്ക് തുടർന്നും പെൻഷൻ വിതരണം ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല .

പെൻഷൻ ഗുണഭോക്താക്കൾ പെൻഷന് അനർഹരാവുന്നത് അങ്കണവാടി/ആശാ വർക്കർമാർ, മെമ്പർമാർ എന്നിവർ മുഖാന്തിരം ശേഖരിച്ച് അന്വേഷണം നടത്തി സമയബന്ധിതമായി പെൻഷൻ സസ്പെന്റ് ചെയ്യുനനതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ് .

**1-10 മത്സ്യമാർക്കറ്റ് ലേലം തുക മുഴുവനായും അക്കൗണ്ടിൽ വരവ് വന്നില്ല .**

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കല്ലാച്ചി മത്സ്യമാർക്കറ്റിലെ 10/871 നമ്പറിലുള്ള ഒരു മുറി 13.6.22 ന് നടത്തിയ ലേലത്തിൽ കൂടിയ തുകയ്ക്ക് വിളിച്ച ശ്രീ എം.പി.കൃഷ്ണൻ ലേലം കൊണ്ടിട്ടുണ്ട് . പ്രതിമാസ വാടക 3600 രൂപ യ്ക്കാണ് ലേലം കൊണ്ടത് . സി.ജി.എസ്.ടി 324 രൂപ എസ്.ജി.എസ്.ടി 324 രൂപ എന്നിവ ചേർത്ത് ആകെ വാടക 4,248/- രൂപയാണ് . 2 മാസത്തെ വാടക 13.6.22 ന് 8,496/- രൂപ അടവാക്കിയിട്ടുണ്ട്. ശേഷിക്കുന്ന 8 മാസത്തെ വാടക 33,984/- രൂപ അടവാക്കാനുണ്ട് .

10/873 നമ്പർ മുറിയിൽ പ്രവർത്തിക്കുന്ന ഫിഷ് മാർക്കറ്റ് ലേലം ചെയ്തതിന് കൂടിയ തുകയായ 3,41,850/- രൂപയ്ക്ക് ലേലം വിളിച്ച ശ്രീ നിജേഷ്. പി യ്ക്കാണ് മുറി അനുവദിച്ചത് . ജി.എസ്.ടി ഉൾപ്പെടെ ആകെ 4,03,382/-രൂപ ടിയാൻ അടവാക്കേണ്ടതുണ്ട് . 5,000/- രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റും ആദ്യ ഗഡു 35,400/-രൂപയും ചേർത്ത് ആകെ 40,400/- രൂപ 18.3.22 ന് അടവാക്കിയിട്ടുണ്ട് . ശേഷിക്കുന്ന തുക,3,62,982/- രൂപ അടവാക്കാനുണ്ട്.

2 മുറികളുടേയും അവശേഷിക്കുന്ന വാടകക്ക് ശ്രീ കൃഷ്ണൻ എന്നയാൾ 3,68,350/- രൂപയുടെ ചെക്ക് ( നം 715831 തി 31.3.23 ) നൽകിയിട്ടുണ്ട്. അക്കൗണ്ടിൽ മതിയായ തുക ഇല്ലാത്തതിനാൽ ചെക്ക് മടങ്ങുകയും 25.4.23 ന് ടിയാൻ ബാങ്കിൽ നേരിട്ട് 3,68,350/രൂപ അടവാക്കുകയും ചെയ്തിട്ടുണ്ട് .

യഥാർത്ഥത്തിൽ അടവാക്കാനുള്ളത് 3,96,966/- രൂപയാണ് (362982/- + 33984 = 396966) അതിന് 3,68,350/- രൂപ മാത്രം ഈടാക്കിയതിനുള്ള കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈടാക്കിയതിൽ കുറവ് വന്ന 28,616 /- രൂപ ഉത്തരവാദിയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. .

## 1-11 കമ്യൂണിറ്റിഹാൾ കം കല്യാണമണ്ഡപം -വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല .

2014-15 വർഷം കെ.യു.ആർ.ഡി.എഫ്.സി.യിൽനിന്ന് 2.25 കോടി രൂപ വായ്പയെടുത്ത് നിർമിച്ച കമ്യൂണിറ്റിഹാൾ കം കല്യാണമണ്ഡപം ഓഡിറ്റ് വർഷം വിവിധ ആവശ്യങ്ങൾക്ക് വാടകയ്ക്ക് നൽകിയിട്ടുണ്ട് . 600 പേർക്കിരിക്കാവുന്നതും ഒരേ സമയത്ത് 300 പേർക്ക് ഭക്ഷണം കഴിക്കാവുന്നതുമായ വിശാലമായ സൗകര്യമുള്ള കെട്ടിടത്തിൽനിന്ന് വാടകയിനത്തിൽ തൻവർഷം ലഭിച്ചത് 2,23,500 രൂപയാണ്. കരട് ബൈലോ തയ്യാറാക്കി അംഗീകാരത്തിന് അയച്ചതും ഓഡിറ്റ് തിയ്യതിവരെ ബൈലോയ്ക്ക് അംഗീകാരം ലഭിക്കാത്തതും 2017-18വർഷ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2-8 ൽ പരാമർശിച്ചിട്ടുണ്ട്. നിലവിലും ബൈലോയ്ക്ക് അംഗീകാരം ലഭിച്ചിട്ടില്ല. കമ്യൂണിറ്റിഹാൾ കം കല്യാണമണ്ഡപത്തിന്റെ നിർമ്മാണത്തിന് വേണ്ടി എടുത്ത വായ്പയിലേക്കു തൻവർഷം തിരിച്ചടച്ചത് 22,63,784 രൂപയാണ്. ഈ വർഷത്തോടു കൂടി വായ്പ തിരിച്ചടവ് കഴിഞ്ഞു. കല്യാണമണ്ഡപത്തിൽ നിന്നുള്ള തൻ വർഷത്തെ വരവ് 2,23,500/- രൂപയാണ്. ബുക്കിംഗ് രജിസ്റ്റർ സൂക്ഷിക്കാത്തതും കലക്ഷൻ രജിസ്റ്ററിൽ പൂർണവിവരങ്ങളില്ലാത്തതും മുൻവർഷ റിപ്പോർട്ടിൽ പരാമർശിച്ചിട്ടും അപാകതകൾ നിലവിലും പരിഹരിക്കപ്പെട്ടിട്ടില്ല. ബുക്കിംഗ് രജിസ്റ്റർ സൂക്ഷിക്കാത്തതുകൊണ്ടും കലക്ഷൻ രജിസ്റ്ററിൽ പൂർണവിവരങ്ങളില്ലാത്തതുകൊണ്ടും വാടക ഈടാക്കിയതിലെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല .

ഓഡിറ്റോറിയത്തിൽ ഹോണറേറിയം വ്യവസ്ഥയിൽ ജോലിചെയ്യുന്ന ഓഡിറ്റോറിയം കീപ്പർക്ക് പ്രതിമാസമുള്ള 5,000/- രൂപയുടെ ചെലവും ഓഡിറ്റോറിയത്തിലെ കേടായ സീലിംഗ് ഫാനും ലൈറ്റുകളും മാറിയതിനുണ്ടായ 10,506 /- രൂപയുടെ ചെലവും ഈ വർഷം ഓഡിറ്റോറിയത്തിനുണ്ടായ ഏതാനും ചെലവുകൾ മാത്രമാണ്. ഓഡിറ്റോറിയത്തിനു വേണ്ടി തുക ചെലവഴിക്കുമ്പോൾ, അടിസ്ഥാന ആവശ്യങ്ങൾക്കാണെങ്കിൽ പോലും ഓഡിറ്റോറിയത്തിൽ നിന്നുള്ള വരവ് വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നില്ല. 2022-23 വർഷത്തെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ മേൽ കെട്ടിടത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശകൾ ചർച്ച ചെയ്തതായി കാണുന്നില്ല .

തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഭീമമായ തുക ചെലവഴിച്ച് നിർമ്മിച്ച കെട്ടിടത്തിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനു കൈക്കൊണ്ട നടപടിയുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

## 1-12 പഞ്ചായത്തിൽ നടന്ന ലേലം പിരിവുമായി ബന്ധപ്പെട്ട അപാകതകൾ .

ഓഡിറ്റിന്റെ ഭാഗമായി 2022-23 വർഷത്തേക്ക് നടന്ന ലേലത്തിന്റെ വരവുമായി ബന്ധപ്പെട്ട് ലേല ഡയറി, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു .

1.ലേല പ്രകാരം ഉറപ്പിച്ച സംഖ്യ വാടകക്കാരനിൽ നിന്നും ഈടാക്കിയില്ല .

കല്ലാച്ചി ഷോപ്പിംഗ് കോംപ്ലക്സിലെ 10/888 നമ്പർ മുറി 18.3.22 ന് ലേലം ചെയ്തിട്ടുണ്ട് . ലേലം വിളി 2,431/- രൂപയിൽ ആരംഭിച്ച് കൂടുതൽ സംഖ്യയായ 2,500/- രൂപക്ക് വിളിച്ച ശ്രീമതി ഹേമരാജ് .ടി.എൻ, ഇന്ദീവരം, വടകര എന്നയാൾക്ക് മുറി അനുവദിച്ച് കൊടുത്തിട്ടുണ്ട് (30.3.22 ലെ 72-ാം നമ്പർ തീരുമാന പ്രകാരം ലേലം അംഗീകരിച്ചിട്ടുണ്ട് ).

എന്നാൽ ഇവരിൽ നിന്നും 2,500/-രൂപ പ്രതിമാസ വാടക ഈടാക്കുന്നതിന് പകരം 2,431/- രൂപ തോതിലാണ് ഈടാക്കിയത്. അതുവഴി വരുമാനത്തിലുണ്ടായ കുറവിന്റെ വിവരം ചുവടെചേർക്കുന്നു .

| നിശ്ചയിച്ച വാടക | സി.ജി. എസ്.ടി | എസ്.ജി. എസ്.ടി | ഈടാക്കിയ വാടക | ഈടാക്കിയ സി.ജി.എസ്.ടി | ഈടാക്കിയ എസ്.ജി.എസ്.ടി |
|---|---|---|---|---|---|
| 2500X12 | 225 | 225 | 2431X12 | 219 | 219 |
| ആകെ ഈടാക്കേണ്ടത് 35400 | | | ആകെ ഈടാക്കിയത് 34428 | | |

ഈടാക്കിയതിലുള്ള കുറവ് 972/-

2.ലേലം നടന്ന മാസത്തെ വാടക ഈടാക്കിയിട്ടില്ല .

കല്ലാച്ചി ഷോപ്പിംഗ് കോംപ്ലക്സിലെ 10/889 നമ്പർ മുറി 8.11.22 ന് ലേലം ചെയ്തിട്ടുണ്ട് . ലേലം വിളിച്ചതു പ്രകാരം കൂടുതൽ സംഖ്യയ്ക്ക് (905 രൂപ )ലേലം വിളിച്ച ശ്രീ അശോകൻ .കെ.ടി.കെയ്ക്ക് മുറി താൽക്കാലികമായി സ്ഥിരപ്പെടുത്തിയിട്ടുണ്ട് . ആയത് 16.11.22 ലെ 275 ാം നമ്പർ തീരുമാന പ്രകാരം ലേലം അംഗീകരിച്ചിട്ടുണ്ട് . 8.11.22 ന് ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തിയിട്ടും ടിയാനിൽ നിന്നും നവംബർ മാസത്തെ വാടക ഈടാക്കിയിട്ടില്ല .എന്നാൽ ഇതേ വർഷം തന്നെ നടന്ന മറ്റു ലേലങ്ങളിൽ നിന്നും ലേലം നടന്ന മാസങ്ങളിലെ വാടക മുഴുവനായും ഈടാക്കിയിട്ടുണ്ട് .

ഇതേ വർഷം തന്നെ ലേലം നടന്ന മറ്റുമുറികളുടെ വിശദാംശം ചുവടെ ചേർക്കുന്നു .

| മുറി നമ്പർ | ലേലം നടന്ന തിയ്യതി | വാടക ഈടാക്കി തുടങ്ങിയ മാസം |
|---|---|---|
| 10/887 | 27.09.2022 | 2022 സെപ്റ്റംബർ മാസം |
| 10/871 | 13.6.2022 | 2022 ജൂൺ മാസം |
| എസ്.സി വിഭാഗത്തിനുള്ള മുറി | 13.6.2022 | 2022 ജൂൺ മാസം |

മേൽ വാടകക്കാരിൽ നിന്നെല്ലാം ലേലം നടന്ന മാസങ്ങളിലെ മുഴുവൻ വാടകയും ഈടാക്കിയിട്ടുണ്ട് .

3.ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളിൽ നിന്നുള്ള വാടക മുഴുവനായും പിരിച്ചെടുത്തില്ല .

ചുവടെ ചേർത്ത ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളിൽ നിന്നുള്ള വാടക മുഴുവനായും പിരിച്ചെടുത്തതായാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത് എന്നാൽ വിശദാംശം പരിശോധിച്ചതിൽ മുഴുവൻ വാടകയും വരവ് വന്നിട്ടില്ല എന്ന് കാണുന്നു .

I.

| ക്രമ നമ്പർ | മുറി നമ്പർ | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക | വാടക ഈടാക്കിയ രശീതി നമ്പർ , തുക |
|---|---|---|---|---|
| I | 10/862 | സെക്രട്ടറി നാദാപുരം സർവ്വീസ് കോ- | 5003+450+450= 5903 | 1220100838- 17859/-<br>1220100838- 9315/- |

| | | | | |
|---|---|---|---|---|
| | | ഓ-ബാങ്ക് | | 1220101612- 5953/-<br>1220101613- 3105/-<br>1220104229-18059/-<br>1220104230-9419/-<br>1220106313 11856/<br>220106314-6184/-<br>1220108619-11906/-<br>1220108618-6210/- |
| II | 10/863 | | 2609+235+235<br>=3079 | 1220111817-<br>1220111815- |
| | | | 107784 | 99866 |

മേൽ പ്രകാരമുള്ള രണ്ടു മുറികൾക്കുമായി പ്രതിമാസം 8,982/- രൂപ വീതം വാടകയുടെ അടിസ്ഥാനത്തിൽ ആകെ 1,07,784 - രൂപയാണ് വരവ് വരേണ്ടത് . എന്നാൽ മുകളിലുള്ള രശീതികളിൽ നിന്നായി 99,866 /-രൂപയാണ് വരവ് വന്നത് .ഇതു പ്രകാരം 7,918/- രൂപയുടെ കുറവുണ്ടായിട്ടുണ്ട്. 1220111817, 1220111815 നമ്പർ രശീതികൾ പ്രകാരം ശേഷിക്കുന്ന മുഴുവൻ വാടകയും ഈടാക്കിയതായാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയത് .

II.

| ക്രമ നമ്പർ | മുറി നമ്പർ | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക | വാടക ഈടാക്കിയ രശീതി നമ്പർ , തുക |
|---|---|---|---|---|
| I | 10/903 | കുഞ്ഞികൃഷ്ണൻ നമ്പ്യാർ | 910+82+82=<br>1074 | 1220102173 , 5560/- |

5 മാസത്തെ വാടക ഫൈൻ ഉൾപ്പടെ 5560/-രൂപ മേൽ രശീതി പ്രകാരം ഈടാക്കിയിട്ടുണ്ട്, ശേഷിക്കുന്ന 7മാസങ്ങളിലെ വാടക ഈടാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. രശീതി നമ്പറും രേഖപ്പെടുത്തിയിട്ടുണ്ട്. രശീതി പരിശോധിച്ചതിൽ 7 മാസത്തെ വാടകയുടെ അടവ് വന്നിട്ടില്ല എന്ന് കാണുന്നു .

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ലേല പ്രകാരം ഉറപ്പിച്ച സംഖ്യ ഈടാക്കാത്തതു വഴി കുറവ് വന്ന 972/- രൂപ, ലേലം നടന്ന മാസത്തെ വാടക ഈടാക്കാത്തത് വഴി ഉണ്ടായ കുറവ് 905/- രൂപ രജിസ്റ്ററിലെ രേഖപ്പെടുത്തലുകളിൽ മുഴുവൻ വാടകയും ഈടാക്കി എന്ന് തെറ്റായി രേഖപ്പെടുത്തിയതു വഴി ഉണ്ടായ കുറവ് 15,436 രൂപയും ചേർത്ത് ആകെ കുറവ് വന്ന 17,313/-രൂപ ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതാണ് .

### 1-13 കെട്ടിട നിർമ്മാണ പെർമിറ്റ് ഫയലുകൾ ലഭ്യമാക്കിയില്ല

ഓഡിറ്റ് വർഷം 390 കെട്ടിട നിർമ്മാണ പെർമിറ്റുകൾ സ്ഥാപനം അനുവദിച്ചതായി സങ്കേതം സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായ പെർമിറ്റ് രജിസ്റ്റർ പ്രകാരം കാണുന്നു. മേൽ പെർമിറ്റുകളിൽ നിന്നും തെരെഞ്ഞെടുത്തവയുടെ ഫയൽ പരിശോധനയ്ക്ക് ഹാജരാക്കാൻ സെക്ഷൻ ക്ലാർക്കിനോട് ആവശ്യപ്പെട്ടെങ്കിലും അവ ഹാജരാക്കാൻ കഴിഞ്ഞിട്ടില്ല. സ്ഥാപനത്തിൽ മാന്വലായി സൂക്ഷിക്കുന്ന പെർമിറ്റ് രജിസ്റ്റർ അടിസ്ഥാനപ്പെടുത്തി ഫയലുകൾ സൂക്ഷിക്കുകയും സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായ പെർമിറ്റ് രജിസ്റ്ററിലെ ക്രമനമ്പരോ മറ്റ് വിവരങ്ങളോ ഈ രജിസ്റ്ററിൽ രേഖപ്പെടുത്താതിരിക്കുകയും ചെയ്തതിനാൽ ആവശ്യപ്പെട്ട ഫയലുകൾ കണ്ടെത്താൻ കഴിയാത്ത സാഹചര്യം ബന്ധപ്പെട്ട സെക്ഷൻ ഓഡിറ്റിന് വിശദമാക്കിയിട്ടുണ്ട്. സങ്കേതം സോഫ്റ്റ് വെയർ പ്രകാരം 390 പെർമിറ്റുകളാണ് നല്കിയതെങ്കിലും മാന്വൽ രജിസ്റ്ററിൽ 282 നല്കിയതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മേൽ സാഹചര്യത്തിൽ ഓഡിറ്റ വർഷം അനുവദിച്ച എല്ലാ പെർമിറ്റ് ഫയലുകളും ഹാജരാക്കാൻ ഓഡിറ്റ് റിക്വിസിഷൻ നല്കിയെങ്കിലും ഫയലുകൾ ലഭ്യമായിട്ടില്ല.മുൻകാലങ്ങളിൽ അനുവദിച്ച കെട്ടിടനിർമ്മാണ പെർമിറ്റുകളിൽ വിവിധങ്ങളായ അപാകതകൾ സംഭവിച്ച സാഹചര്യത്തിൽ, മുൻ റിപ്പോർട്ടുകളിൽ അവ പ്രതിപാദിച്ചിട്ടും ഫയലുകൾ തെരെഞ്ഞടുക്കാൻ കൃത്യമായ സംവിധാനം ഒരുക്കാത്തതിന് വിശദീകരണം നല്കേണ്ടതും എല്ലാ ഫയലുകളും രജിസ്റ്ററിലെ ക്രമനമ്പർ പ്രകാരം ഓഡിറ്റിന് നല്കേണ്ടതുമാണ്. കൂടാതെ റഗുലറൈസേഷൻ ഫയലുകളും ക്രമനമ്പർ പ്രകാരം പരിശോധനയ്ക്ക് നല്കേണ്ടതാണ്.

### 1-14 മരാമത്ത് പ്രവൃത്തികളുടെ തനത് ഫണ്ട് ചെലവ് അസി.എഞ്ചിനീയറുടെ അക്കൗണ്ട് വഴി

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്കായി തനത് ഫണ്ടിൽ നിന്നും 1.85 കോടി രൂപ വകയിരുത്തുകയും 67.16 ലക്ഷം രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് വർഷമുൾപ്പടെ മരാമത്ത് പ്രവൃത്തികൾക്കായി അസി.എഞ്ചിനീയർ തനത് ഫണ്ട് വിനിയോഗിച്ചിരിക്കുന്നത് നേരിട്ടാണെന്നു കാണുന്നു. എഞ്ചിനീയറുടെ പേരിൽ SBI യുടെ കല്ലാച്ചി ശാഖയിലുള്ള ബേങ്ക് അക്കൗണ്ടിൽ റിക്വിസിഷൻ അനുസരിച്ച് ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും തുക നിക്ഷേപിക്കുകയും അസി.എഞ്ചിനീയർ ബന്ധപ്പെട്ട കരാറുകാരുടെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്തുകൊടുക്കുകയും ചെയ്യുന്ന രീതിയാണ് തുടർന്നു പോരുന്നത്. ഇത് ശരിയായ രീതിയല്ല. എഞ്ചിനീയർ റിക്വിസിഷൻ നല്കുമ്പോൾ തന്നെ ബന്ധപ്പെട്ട കരാറുകാരന്റെ വിശദാംശങ്ങൾ കൂടി പഞ്ചായത്തിന് ലഭ്യമാക്കുകയും കരാറുകാരന്റെ അക്കൗണ്ടിലേക്ക് ഗ്രാമപഞ്ചായത്ത് നേരിട്ട് തുക നല്കുകയുമാണ് ചെയ്യേണ്ടിയിരുന്നത്. കൂടാതെ വിവിധ ഇനങ്ങളിൽ അടവുവരുത്തുന്നതിനായി കിഴിവുവരുത്തിയ തുകകളും എഞ്ചിനീയർ സ്വന്തം അക്കൗണ്ടിലേക്ക് വാങ്ങി വിനിയോഗിച്ചിട്ടുണ്ട്. ഇതുകൊണ്ട് തന്നെ ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ എല്ലാ പണമിടപാടുകളും ആസ്തിബാധ്യതകളും പൂർണ്ണമായും പ്രതിഫലിക്കുന്നില്ലെന്നു കാണാം. 31.3.22 ന് എഞ്ചിനീയറുടെ അക്കൗണ്ടിൽ 25,59,726.50 രൂപ നീക്കിരിപ്പുണ്ടായിരുന്നെങ്കിലും ഇത് സ്ഥാപനത്തിന്റെ ബാലൻസ് ഷീറ്റിൽ പ്രതിഫലിച്ചിട്ടില്ല. കൂടാതെ 21-22 വർഷത്തിന്റെ അവസാനം പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ചതായി കാണിച്ച തുകകൾ യഥാർത്ഥത്തിൽ ചെലവഴിക്കാതെ എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് പോയത്. വിവിധ ഇനങ്ങളിൽ കിഴിവുവരുത്തിയ തുകകൾ ഒടുക്കാതെ അക്കൗണ്ടിൽ അവശേഷിച്ചിരുവന്നെങ്കിലും സ്ഥാപനത്തിന്റെ ആസ്തി ബാധ്യതകളിൽ ഇവ പ്രതിഫലിച്ചില്ല. ഓഡിറ്റ് വർഷാവസാനം 2,33,444/-രൂപ എഞ്ചിനീയറുടെ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ടെങ്കിലും ഇത് സ്ഥാപനത്തിന്റെ ബാലൻസ് ഷീറ്റിന് പുറത്താണ്. നിലവിൽ അവശേഷിക്കുന് ന(25.9.23ന്) 3,01,324/- രൂപ അക്കൗണ്ടിന് പുറത്താണെന്നതിനൊപ്പം ഏതിനത്തിലുള്ള തുകയാണെന്നും വ്യക്തമല്ല.

മേൽ സാഹചര്യത്തിൽ പ്രത്യേക അക്കൗണ്ടിലൂടെ തുക ചെലവഴിച്ചതിനും മാർച്ച് 31 ന് നീക്കിയിരിപ്പ് തുക തനത് ഫണ്ടിലേക്ക് കൈമാറാത്തതിനും, അവശേഷിക്കുന്ന തുക ഏതിനത്തിലെന്ന് ക്യാഷ് ബുക്കിൽ നിന്നും വ്യക്തമാകാത്തതിനും വിശദീകരണം നല്കേണ്ടതാണ്. കൂടാതെ എഞ്ചിനീയറുടെ ക്യാഷ് ബുക്ക് TR7A ഫോറത്തിലല്ലാത്തതിനും രേഖപ്പെടുത്തലുകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ

സാക്ഷ്യപ്പെടുത്താത്ത നിലയിലായതിനും വിശദീകരണം നല്കേണ്ടതാണ്.

## 1-15 മരാമത്ത് പ്രവൃത്തികളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

നിർവ്വഹണം -അസി.എഞ്ചിനീയർ

ഓഡിറ്റ് വർഷം നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിലൊന്നും തന്നെ സെക്യൂരിറ്റി ഡെപ്പോസിറ്റ് (പെർഫോമൻസ് ഗ്യാരന്റി) ഈടാക്കിയതിന്റെ വിവരങ്ങളില്ല. കൂടാതെ എഗ്രിമെന്റ് രജിസ്റ്ററിലും നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. നിലവിൽ പ്രവൃത്തികളുടെ കരാർ വയ്ക്കുമ്പോൾ പി എ സി (കരാർ തുക) യുടെ 3% നിരക്കിൽ ഡെപ്പോസിറ്റ് വാങ്ങേണ്ടതും ഇതിന്റെ 50% ട്രഷറി സ്ഥിര നിക്ഷേപമാകേണ്ടതുമാണ്. സ്ഥിരനിക്ഷേപം നേരിട്ട് പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടിട്ടും അവ ഹാജരാക്കാൻ സ്ഥാപനത്തിനായിട്ടില്ല. മേൽ സാഹചര്യത്തിൽ എല്ലാ പ്രവൃത്തികളുടേയും സെക്യൂരിറ്റി നിക്ഷേപങ്ങൾ പരിശോധനയ്ക്ക് നല്കുകയോ അല്ലാത്ത പക്ഷം അവ ഇല്ലാത്തതിന്റെ /കൈയ്യൊഴിഞ്ഞതിന്റെ സാഹചര്യം വ്യക്തമാക്കുകയോ ചെയ്യേണ്ടതാണ്.

## 1-16 റോഡ് അറ്റകുറ്റപ്പണി സമയബന്ധിതമല്ല- അറ്റകുറ്റപ്പണിക്ക് ചെലവേറുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

ഓഡിറ്റ് വർഷം നിർവ്വഹിച്ച താഴെ കൊടുത്ത പ്രവൃത്തികൾ റോഡ് അറ്റകുറ്റപ്പണികൾക്കുള്ളതാണ്. ഈ പ്രവൃത്തികളിൽ റോഡിന്റെ വലിയൊരു ഭാഗം പുനർനിർമ്മാണം നടത്തേണ്ട ഇനങ്ങൾ കൂടി ഉൾപ്പെട്ടു കാണുന്നു.

| ക്രമ നം | പ്രൊജക്ട് | ചെലവു തുക |
|---|---|---|
| 1 | 197/23-പാലക്കാട്ടു മുക്ക് തുണ്ടിയിൽ റോഡി റീ ടാറിംഗ് | 4,73,073 |
| 2 | 132/23- വലിയാണ്ടി താഴ റോഡ് റീ ടാറിംഗ് | 5,33,559 |
| 3 | 35/23-വലിയപറമ്പത്ത് കക്കാട്ട് പാറ റോഡ് നവീകരണം | 4,95,000 |
| 4 | 10/23-കവുങ്ങും തോട്ടത്തിൽ ചിയ്യൂർ റോഡ് | 5,78,093 |
| 5 | 9/23- പുളിക്കൂൽ മുവ്വാഞ്ചേരി റോഡ് | 9,81,335 |
| 6 | 200/23-കുവ്വക്കാട്ട് അമ്പലം പടിഞ്ഞാറയിൽ റോഡ് | 9,31,151 |

മേൽ പ്രവൃത്തികളുടെ കാര്യത്തിൽ നിലവിലുള്ള റോഡിന്റെ വലിയ ഭാഗം കുണ്ടും കുഴിയും നിറഞ്ഞതിനാൽ പ്രതലം സ്കാരിഫൈ ചെയ്ത് അത്രയും ഭാഗത്തിൽ പുതിയ നിർമ്മിതിക്ക് ആവശ്യമായ എല്ലാ ഇനങ്ങളും ഉൾപ്പെടുത്തിയാണ് നിർമ്മാണം പൂർത്തീകരിച്ചിരിക്കുന്നത്. ഓഡിറ്റ് പരിശോധനാ വിധേയമാക്കിയ പ്രൊജക്ടുകളിൽ ഉൾപ്പെട്ടവ മാത്രമാണ് മേല്പറഞ്ഞവയെന്നതിനാൽ അറ്റകുറ്റപ്പണി നടത്തിയ ഭൂരിഭാഗം റോഡുകളിലും ഇത്തരത്തിൽ ചെലവുവരാനുള്ള സാധ്യതയുണ്ട്. റോഡുകൾ സമയബന്ധിതമായി അറ്റകുറ്റപ്പണി നടത്താത്തതാണ് ഇപ്രകാരമുള്ള അനാവശ്യ ചെലവിലേക്ക് നയിക്കുന്നതെന്ന് കാണാം. മെയിന്റനൻസ് ഗ്രാന്റിനത്തിൽ ലഭിക്കുന്ന തുകയുടെ വലിയൊരുഭാഗം വിനിയോഗിക്കാതെ നഷ്ടപ്പെടുത്തുന്ന സാഹചര്യത്തിൽ

റോഡുകൾ യഥാസമയം റിപ്പയർ ചെയ്യാതെ വലിയ തുക അനാവശ്യമായി ചെലവഴിക്കപ്പെടുന്ന സാഹചര്യം അംഗീകരിക്കാവുന്നതല്ല. പദ്ധതി ആസൂത്രണമാർഗ്ഗരേഖ, പുതുക്കിയ Pwd മാന്വൽ എന്നിവയിൽ നിഷ്കർഷിക്കും വിധം ഓരോ വർഷവും ഒരു റോഡ് മെയിന്റനൻസ് പ്ലാൻ സ്ഥാപനം തയ്യാറാക്കാത്തതും അപാകതയ്ക്ക് കാരണമായിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതാണ്.

**1-17 പൊതു മരാമത്ത് പ്രവൃത്തികൾ : മോണിട്ടറിംഗ് ഫലപ്രദമല്ല**

പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിൽ സുതാര്യത ഉറപ്പുവരുത്താനായി ചട്ടങ്ങൾ ഉൾപ്പടെ സർക്കാർ പല നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. 1997ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ 17 പ്രകാരം പണികളുടെ സംക്ഷിപ്ത വിവരം ഗ്രാമസഭയിൽ വെക്കുകയും പണിസ്ഥലത്ത് പ്രദർശിപ്പിക്കുകയും വേണം. കൂടാതെ, കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ആസൂത്രണമാർഗ്ഗരേഖകൾ, പദ്ധതി മോണിട്ടറിംഗ് നടത്താനുള്ള ചുമതല കൃത്യമായി നിർവ്വചിച്ച് വർക്കിംഗ് ഗ്രൂപ്പുകൾക്ക് നൽകിയിട്ടുമുണ്ട്. ഏറ്റവും ഒടുവിലായി ജി.ഒ (എം.എസ്) 84/2022/ ത.സ്വ.ഭ.വ തി.19-04-2022 പ്രകാരം ഈ നിർദ്ദേശങ്ങൾ പുതുക്കി നൽകിയിട്ടുണ്ട്. (ഉത്തരവിലെ ഖണ്ഡിക 14ലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു). മേൽ ഉത്തരവിലെ ഖണ്ഡിക 14.1, പ്രൊജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണെന്ന് വ്യക്തമാക്കുന്നുണ്ട്. ഗ്രൂപ്പിലെ എല്ലാ അംഗങ്ങളും അടങ്ങിയ സമിതിയോ, ഗ്രൂപ്പിന്റെ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, നിർവ്വഹണ ഉദ്യോഗസ്ഥനല്ലാത്ത ഗ്രൂപ്പിലെ മറ്റൊരു ഉദ്യോഗസ്ഥൻ എന്നിവരടങ്ങിയ, മൂന്നംഗങ്ങളിൽ കുറയാത്ത വർക്കിംഗ് ഗ്രൂപ്പ് ഉപസമിതിയോ, തദ്ദേശഭരണ സ്ഥാപനത്തിന്റെ തീരുമാനമനുസരിച്ച് മോണിറ്ററിംഗ് നിർവ്വഹിക്കാവുന്നതാണ്. എന്നാൽ ഇത്തരത്തിൽ ഒരു തീരുമാനം ഒരു വർക്കിംഗ് ഗ്രൂപ്പിന്റെ കാര്യത്തിലും സ്ഥാപനം നാളിതുവരെ കൈക്കൊണ്ടിട്ടില്ല. പ്രൊജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം നിർവ്വഹണ ഘട്ടത്തിൽ ഗുണമേന്മയോടെ നിറവേറ്റപ്പെടുന്നുണ്ടോ എന്നത് നിരീക്ഷിക്കേണ്ടതും ഇതിനായി പ്രൊജക്ടിന്റെ പ്രാരംഭഘട്ടത്തിലും പുരോഗമന ഘട്ടത്തിലും പൂർത്തീകരണ ശേഷവും പ്രൊജക്ട് ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടതും ഈ സമിതിയുടെ പ്രധാന ഉത്തരവാദിത്വമാണ് ( ഖണ്ഡിക 14.4) ഖണ്ഡിക 14.7 അനുസരിച്ച് പ്രവൃത്തിയുടെ പേര്, വർഷം, കരാറുകാരന്റെയും എഞ്ചിനീയറുടേയും പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധനസാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കണം. പ്രവൃത്തി പൂർത്തിയായതിന് ശേഷം പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ട് തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് തുടങ്ങിയവയും പ്രദർശിപ്പിക്കണം. എന്നാൽ ഇത്തരത്തിൽ നിർവ്വഹണ ഘട്ടത്തിലോ നിർവ്വഹണ ശേഷമോ ബോർഡുകൾ സ്ഥാപിക്കപ്പെട്ടിട്ടില്ലെന്നത് പ്രവൃത്തികളുടെ കാര്യത്തിൽപ്രാദേശിക മോണിറ്ററിംഗും നടന്നിട്ടില്ലെന്ന് സാക്ഷ്യപ്പെടുത്തുന്നു. ഓഡിറ്റ് വർഷം നിർവ്വഹിക്കപ്പെട്ട പ്രവൃത്തികളുടെ ഗുണനിലവാരം ഇതുകൊണ്ടുതന്നെ ഉറപ്പുവരുത്തപ്പെട്ടിട്ടില്ലെന്നു കാണാം.

എന്നാൽ ഓഡിറ്റ് വർഷത്തെ പ്രൊജക്ട് ഫയലുകൾ പരിശോധിച്ചതിൽ, ചില പ്രൊജക്ടുകളുടെ കാര്യത്തിൽ മാത്രം, പഞ്ചായത്ത് തല മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്ന പേരിൽ ഒരു റിപ്പോർട്ട് സമർപ്പിച്ചതായി കാണുന്നു. വാർഡ് അംഗം, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, പഞ്ചായത്ത് പ്രസിഡന്റ് എന്നിവരാണ് മോണിറ്ററിംഗ് നടത്തിയതായി സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്.

ഗ്രാമപഞ്ചായത്ത് പൊതുമരാമത്ത് പദ്ധതികളുടെ നടത്തിപ്പിൽ ചട്ടങ്ങളും മാർഗ്ഗരേഖകളും പ്രതിപാദിക്കുന്ന മേൽ പറഞ്ഞ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്. കൂടാതെ നിയമാനുസൃതമായ മോണിറ്ററിംഗ് നടത്തുന്നതിനുള്ള സംവിധാനം ഒരുക്കി വിവരം അറിയിക്കേണ്ടതുമാണ്.

**1-18 ഇ ടെണ്ടർ ഫീസ് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുന്നില്ല**

നിർവ്വഹണോദ്യോഗസ്ഥൻ- അസി എഞ്ചിനീയർ

2014-15 വർഷം മുതൽ മരാമത്ത് പ്രവൃത്തികൾ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഇ ടെണ്ടർ മുഖേനയും നടത്തി വരുന്നുണ്ട്. അന്നു മുതൽ നാളിതുവരെ ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കുന്ന തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. ആരംഭ കാലത്ത് ഫീസ് തുക തദ്ദേശ സ്വയംഭരണ വകുപ്പ് കോഴിക്കോട് എക്സിക്യൂട്ടീവ് എഞ്ചീയറുടെ ഇ ടെണ്ടറിനായി ആരംഭിച്ച പ്രത്യേക അക്കൗണ്ടിലായിരുന്നു വരവു വന്നിരുന്നത്. തുടർന്ന് തദ്ദേശ ഭരണ സ്ഥാപന തലത്തിൽ അസി.എഞ്ചിനീയർ ഇതിനായി അക്കൗണ്ട് ആരംഭിക്കാൻ സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ 2022-23 വർഷത്തിൽ മാത്രമാണ് ഇതിനായി ഒരു അക്കൗണ്ട് സ്ഥാപനത്തിൽ ആരംഭിച്ചത്. അക്കൗണ്ട് ആരംഭിച്ച 15/9/22 തീയതി മുതൽ നാളിതുവരെ ലഭിച്ച തുകയിൽ 149750/- രൂപ 31.3.23ന് ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേക്ക് മുതൽ കൂട്ടിയിട്ടുണ്ട്. ബേങ്ക് സ്റ്റേറ്റ് മെന്റ് പ്രകാരം 12/5/23ന് 8,340/-രൂപ മേൽ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്.

എന്നാൽ അക്കൗണ്ട് ആരംഭിക്കുന്നതുവരെയുള്ള ഫീസ് വരവ് കണക്കാക്കി എക്സിക്യൂട്ടീവ് എഞ്ചീയറിൽ നിന്നും സമയബന്ധിതമായി ആവശ്യപ്പെടാനോ ഈടാക്കി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാനോ സ്ഥാപനം ശ്രമിച്ചിട്ടില്ല. കൂടാതെ, ഫീസ് ലഭിക്കുന്നതിനനുസരിച്ച് ഈ ഇനത്തിൽ വർഷങ്ങളായി അക്കൗണ്ടിൽ ഡിമാന്റ് അക്രൂ ചെയ്യാത്തതിനാൽ മേൽ തുക പൂർണ്ണമായും പഞ്ചായത്ത് അക്കൗണ്ടിന് പുറത്താണുള്ളത്. ഇതുമൂലം ലഭിക്കേണ്ട തുക മുഴുവൻ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ലെന്ന ഗുരുതര വീഴ്ചയും സംഭവിച്ചിട്ടുണ്ട്.

എക്സിക്യൂട്ടീവ് എഞ്ചീയറിൽ നിന്നും ലഭിക്കേണ്ട തുകയുടെ കണക്ക് ലഭ്യമാക്കാൻ എഞ്ചിനീയർക്ക് കഴിഞ്ഞിട്ടില്ല. ആകെ ലഭിക്കേണ്ട തുക കണക്കാക്കി ഇക്കാര്യത്തിൽ നല്കിയ എൻക്വയറിയുടെ മറുപടിക്കൊപ്പം ലഭ്യമാക്കാനാവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല.

2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 1-17 ആയി ഇക്കാര്യം പ്രതിപാദിച്ചിട്ടും നാളിതുവരെ തുക ഈടാക്കാത്തതിന് വിശദീകരണം നല്കേണ്ടതാണ്. കൂടാതെ തുക അടിയന്തിരമായി കണക്കാക്കി ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-19 റോഡുകളുടെ നിർമ്മിതി മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസി.എഞ്ചിനീയർ

ഓഡിറ്റ് വർഷം നിർവ്വഹണം നടത്തിയ പുതിയ പ്രൊജക്ടുകൾ പ്രകാരമുള്ള റോഡ് പ്രവൃത്തികൾ നിർവ്വഹിച്ചിരിക്കുന്നത് മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ലെന്ന് കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ട് | ചെലവു തുക |
|---|---|---|
| 1 | 9/23- പുളിക്കൂൽ മൂവ്വാഞ്ചേരി റോഡ് | 9,81,335 |
| 2 | 200/23- കുവ്വക്കാട്ട്അമ്പലം പടിഞ്ഞാറയിൽ റോഡ് റീ ടാറിംഗ് | 9,31,151 |
| 3 | 132/23- വലിയാണ്ടി താഴ റോഡ് റീ ടാറിംഗ് | 5,33,559 |
| 4 | 12/23- കോടഞ്ചേരി റോഡ് | 5,38,145 |

| | | |
|---|---|---|
| 5 | 197/23- പാലക്കാട്ട് മുക്ക് ഉണ്ടിയിൽ റോഡ് റീ ടാറിംഗ് | 4,73,073 |

ഈ റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് ഉപയോഗപ്പെടുത്തിയ പേവിംഗ് ഇനം മിക്സഡ് സീൽ സർഫസ്(മാന്വൽ മീൻസ്) ആണ്. മോർഡ് ഡാറ്റാ ബുക്കിലെ 5.11 നമ്പർ ഇനമാണിത്. മോർഡ് സ്പെസിഫിക്കേഷനിലെ ഇനം 509 (Item Nomber 509 ) അടിസ്ഥാനപ്പെടുത്തിയാണ് ഇത് തയ്യാറാക്കിയതെന്ന് ഡാറ്റാബുക്കിൽ നിന്നും വ്യക്തമാകുന്നു. 20mm സെമി ഡെൻസ് ബിറ്റുമിനസ് കോൺക്രീറ്റ് പേവിംഗ് നിർമ്മിതി പ്രതിപാദിക്കുന്ന ഇനമാണിത്. MSS പോലെ തന്നെ ഇതിന്റെ സ്പ്രെഡ്ഡിംഗും(material Spreading Or Laying) നിർവ്വഹിക്കേണ്ടത് മെക്കാനിക്കൽ പേവർ (Self Propelled Hydrolic Paving Machine) ഉപയോഗിച്ചാണെന്ന് ഇനം 509.5.4.3 വ്യക്തമാക്കുന്നു. എന്നാൽ റോഡിന്റെ നിർമ്മിതിയിൽ എവിടെയെങ്കിലും മെക്കാനിക്കൽ പേവർ പ്രവർത്തിപ്പിക്കാൻ കഴിയാത്ത വിധം സ്ഥലപരമായ പരിമിതികളോ, ഇടുങ്ങിയ വീതിയോ (Narrow Width) ഉണ്ടെങ്കിൽ, അനുയോജ്യമായ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തി പരിശീലനം സിദ്ധിച്ച തൊഴിലാളികളെ ഉപയോഗപ്പെടുത്തി സ്പ്രെഡ്ഡിംഗ് നടത്താമെന്ന് ഇതേ ഇനത്തിന്റെ അവസാന ഭാഗത്ത് പ്രതിപാദിച്ചിട്ടുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ മാത്രം ഉപയോഗപ്പെടുത്താനാണ് മോർഡ് ഡാറ്റാ ബുക്കിലെ 5.11 നമ്പർ ഇനം തയ്യാറാക്കിയതെന്ന് മേല്പറഞ്ഞ വസ്തുതകളിൽ നിന്നും വ്യക്തമാകുന്നു.

എന്നാൽ സ്ഥാപനത്തിലെ മേല്പറഞ്ഞ റോഡുകൾ പൂർണ്ണമായും ബിറ്റുമിൻ പേവിംഗ് നടത്തിയിരിക്കുന്നത് ഈ ഇനം ഉപയോഗപ്പെടുത്തിയാണ്. ആവശ്യത്തിന് മെറ്റീരിയൽ ഇത്തരത്തിലുള്ള അശാസ്ത്രീയ നിർമമിതിയിൽ ഉറപ്പുവരുത്താൻ കഴിയാത്തതിനാൽ റോഡിന്റെ ആയുസ്സിനേയും (Durability) നിമ്നോന്നതയുടെ (Undulations) ടോളറൻസ് (Tolerance) പരിമിതമാണെന്ന് ഉറപ്പുവരുത്താൻ കഴിയാത്തതിനാൽ ഗുണമേന്മയേയും ഈ നിർമ്മിതി പ്രതികൂലമായി ബാധിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു. യഥാർത്ഥത്തിലുള്ള മിക്സഡ് സീൽ സർഫസിംഗ് (MSS Mechnical) രീതി ഗ്രാമപഞ്ചായത്തുകളിലെ റോഡുകളിൽ അവലംബിക്കാത്തതിന് കാരണമായി ഉയർത്തിക്കാട്ടപ്പെടുന്നത് പഞ്ചായത്തുകളിലെ ചെറിയ റോഡുകളിൽ പേവർ ഉപയോഗിക്കാൻ കഴിയാത്തതാണെന്നതാണ്. ഈ വാദം ഓഡിറ്റ് അംഗീകരിക്കുന്നില്ല. മോർഡ് സ്പെസിഫിക്കേഷൻ ഇനം 509.5.4.3ൽ മെക്കാനിക്കൽ പേവർ, IRC 27 പ്രകാരമുള്ള അത്യാവശ്യ കാര്യങ്ങളുള്ള (Essential Features) വയായിരിക്കണമെന്ന് പ്രതിപാദിക്കുന്നുണ്ട്. IRC 27-2009 (Specifications For Bituminous Macadam) അനുബന്ധം A ഖണ്ഡിക E (H) ൽ പേവർ മെഷീൻ 2.5മീറ്റർ മുതൽ 4മീറ്റർ വരേയോ 4 മീറ്റർ മുതൽ 7 മീറ്റർ വരേയോ വീതിയിൽ മെറ്റീരിയൽ വിരിക്കാൻ കഴിവുള്ളതായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട് എന്നത് ശ്രദ്ധയിൽ പെടുത്തുന്നു.

ഈ പശ്ചാത്തലത്തിൽ ഗ്രാമപഞ്ചായത്തിലെ റോഡുകളിൽ മിക്സഡ് സീൽ സർഫസിംഗ് (മെക്കാനിക്കൽ) ഉപയോഗപ്പെടുത്താതെ മിക്സഡ് സീൽ സർഫസിംഗ് മാന്വൽ രീതി അവലംബിച്ചതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

**റോഡുകളുടെ നിർമ്മിതി - കുറഞ്ഞ ചെലവും ഗുണമേന്മയും മുൻ നിർത്തി MSS (മെക്കാനിക്കൽ) രീതി അവലംബിക്കേണ്ടതാണ്**

ഓഡിറ്റ് വർഷം നിർവ്വഹിച്ച സ്പിൽ ഓവർ പ്രൊജക്ട പ്രകാരമുള്ള റോഡ് പ്രവൃത്തികൾ 20mm പ്രീ മിക്സഡ് ചിപ്പിംഗ് കാർപ്പെറ്റ് എന്ന ഇനം ഉൾപ്പെടുത്തിയതാണ്.(ഉദാ-പ്രൊ നം-68/23-പറമ്പത്ത് തയ്യിൽ താഴ റോഡ് നിർമ്മാണം) മോർഡ് സ്പെസിഫിക്കേഷനിൽ ഗ്രാമീണ റോഡുകൾക്ക് ഉപയോഗപ്പെടുത്താവുന്ന പ്രധാനപ്പെട്ട രണ്ടിനങ്ങളിൽ ഒന്ന് മിക്സഡ് സീൽ സർഫസിംഗും (MSS) മറ്റൊന്ന് 20 Mm പ്രീ മിക്സഡ് ചിപ്പിംഗ് കാർപ്പെറ്റുമാണ്. രണ്ടാമത്തേത് ഓപ്പൺ ഗ്രേഡഡ് ആയതിനാൽ ഇതിനുമുകളിൽ സീൽ കോട്ട് എന്ന മറ്റൊരിനം കൂടി നിർവ്വഹിച്ചാലാണ് ടാറിംഗ് പ്രവൃത്തി പൂർത്തിയാകുക. എന്നാൽ ആദ്യത്തേത് ക്ലോസ് ഗ്രേഡഡ് ആയതിനാൽ ഇതിനു മുകളിൽ മറ്റൊരു സീൽ കോട്ട് ആവശ്യമില്ല. ഇത് കൊണ്ട് തന്നെ കൂടുതൽ ചെലവേറിയ ഇനം 20mm ചിപ്പിംഗ് കാർപ്പറ്റ് ആണെന്ന് കാണാം. ഓപ്പൺ ഗ്രേഡഡ് ആയ 20mm ചിപ്പിംഗ് കാർപ്പറ്റിന് ടാക്ക് കോട്ടിന് മുകളിൽ

രണ്ടിനങ്ങൾ നിർവ്വഹിക്കേണ്ടതുണ്ട്. ഒന്ന് ചിപ്പിംഗ് കാർപ്പെറ്റും മറ്റേത് സീല് കോട്ടുമാണ്. എന്നാൽ MSS (Mixed Seal Surfacing) സീൽ കോട്ട് ഉൾപ്പടെ ചെയ്യുന്നതിനാൽ ഈ ഒരിനം മാത്രമാണ് ടാക്ക് കോട്ടിന് മുകളിൽ ചെയ്യുന്നത്. ഇത് പരിഗണിക്കുമ്പോൾ 2016 ലെ നിരക്ക് കണക്കാക്കിയാൽ 20mm ചിപ്പിംഗ് കാർപ്പറ്റ് നിർവ്വഹിക്കുമ്പോൾ എം സ്കയറന് ഏകദേശം 32% രൂപയുടെ അധിക ചെലവ് വരുന്നുണ്ടെന്ന് കാണുന്നു.

മിക്സഡ് സീൽ സർഫസ് (MSS) എന്ന ഇനത്തിന്റെ മറ്റൊരു പ്രധാന പ്രത്യേകത ഇതിന്റെ പേവിംഗ് നിർവ്വഹിക്കേണ്ടത് ഒരു മെക്കാനിക്കൽ പേവർ (Mechanical Paver) ഉപയോഗിച്ചായിരിക്കണമെന്നതാണ്. (മോർഡ് സ്പെസിഫിക്കേഷൻ, സെക്ഷൻ 507.3 പ്രകാരമുള്ള Construction Operations കാണുക) എന്നാൽ 20mm ചിപ്പിംഗ് കാർപ്പറ്റിന്റെ കാര്യത്തിൽ Construction Operations 506.2.4.6 പ്രകാരമുള്ളതാണ്. ഇത് പ്രകാരം പേവിംഗിൽ കനവും ഗ്രേഡും ക്രോസ് ഫാളും ഉറപ്പാക്കുന്നതരത്തിൽ മിക്സ് ഏകീകൃതമായി നിരത്താനാണ് നിർദ്ദേശിച്ചിരിക്കുന്നത്. അതായത് ഇവിടെ പേവിംഗ് നിർവ്വഹിക്കുന്നത് മനുഷ്യശേഷി വിനിയോഗിച്ചാണെന്ന് കാണാം. ഈ രണ്ട് രീതികളും അവലംബിക്കുമ്പോൾ നിർമ്മാണശേഷം റോഡിന്റെ പ്രതലത്തിൽ അനുവദിക്കാവുന്ന പരമാവധി നിമ്നോന്നത (Undulations), മോർഡ് സ്പെസിഫിക്കേഷന്റെ ഗുണനിലവാരം സംബന്ധിച്ച് വിശദമാക്കുന്ന സെക്ഷൻ 1800ൽ പ്രതിപാദിച്ചിട്ടുണ്ട്. വിവിധ നിർമ്മിതികളിൽ (സബ് ബേസ്, ബേസ് മുതലായവ) അനുവദിക്കാവുന്ന സർഫസ് ലെവലിലെ പരാമാവധി ടോളറൻസ് 1802.2 നമ്പർ ടേബിളിൽ വിശദമാക്കിയിട്ടുണ്ട്. ഇത് പ്രകാരം മെഷീൻ ഉപയോഗിച്ച് പേവിംഗ് നടത്തുന്ന പ്രീ മിക്സ് ചിപ്പിംഗ് കാർപ്പറ്റ്, MSS എന്നീ ഇനങ്ങളിൽ പരാമാവധി ടോളറൻസ്(tolerance) കൂടിയത് + 6mm ഉം കുറഞ്ഞത് -6 Mmമാണ്. അതായത് പരാമാവധി അനുവദിക്കാവുന്ന ഉയർന്നതും താഴ്ന്നതുമായ നിമ്നോന്നത (Undulations) മേൽ പറഞ്ഞ അളവുകൾക്കിടയിലുള്ളതാണെന്ന് കാണാം. എന്നാൽ മാനുവൽ രീതിയിൽ പേവിംഗ് നടത്തുമ്പോൾ ഇത് പരാമാവധി +10mmഉം -10 Mm ഇടയിലാണെന്ന് കാണാം. ഇപ്രകാരമുള്ള ഉയർന്ന നിമ്നോന്നത (Undulations) സുഗമമായ യാത്രയ്ക്ക് തടസ്സമാകും. കൂടാതെ മെക്കാനിക്കൽ പേവർ ഉപയോഗിക്കുമ്പോൾ നിർമ്മിതിയിൽ തന്നെ പ്രതലത്തിന്റെ ലെവൽ പരമാവധി ഉറപ്പാക്കപ്പെടുന്നതാണ്. എന്നാൽ മാനുവലായി നിർമ്മിക്കുമ്പോൾ മേൽ പറഞ്ഞ പരമാവധി ടോളറൻസ്(tolerance) ആയ + 10mmഉം -10 Mm ഇടയിലാണ് നിർമ്മാണം നടന്നതെന്ന് ഒരു സംവിധാനവും നിലവിൽ ഉറപ്പാക്കുന്നില്ല. ഇത് കൊണ്ട് തന്നെ ഇത്തരം റോഡുകളിൽ നിമ്നോന്നത (Undulations) അനുവദിച്ചതിലും വളരെ കൂടുതൽ വരുന്ന അവസ്ഥാ വിശേഷമുണ്ട്.

മാനുവൽ പേവിംഗ് രീതിയെ അപേക്ഷിച്ച് ചെലവ് കുറവുള്ളതും നിമ്നോന്നത കുറയുന്നതിനാൽ വാഹനഗതാഗതം സുഗമമാക്കുന്നതുമായ MSS എന്ന രീതി പഞ്ചായത്തിലെ റോഡുകളുടെ നിർമ്മിതിയിൽ അവലംബിക്കേണ്ടത് അത്യാവശ്യമാണെന്ന് ഇക്കാര്യങ്ങൾ വ്യക്തമാക്കുന്നു.

ഇക്കാര്യങ്ങളിൽ സ്ഥാപനത്തിന്റെ അഭിപ്രായം അറിയിക്കേണ്ടതാണ്.

## 1-20 കമ്പ്യൂട്ടർ വാങ്ങിയതിലെ അപാകതകൾ

നിർവ്വഹണം - സെക്രട്ടറി

കമ്പ്യൂട്ടർ വാങ്ങിയതിന് തൻവർഷം 3 പ്രൊജക്ടുകൾ സെക്രട്ടറി നടപ്പിലാക്കിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| | | |
|---|---|---|
| പ്രൊജക്ട് നം. 157/22-23<br>ചെലവ് - 408666<br>(270/16.2.23)<br>(1 ലാപ്ടോപ്പ്, 4 ഡെസ്ക്ക് ടോപ്പ്) | പ്രൊജക്ട് നം.<br>75/22-23<br>ചെലവ് - 349969<br>( 16/31.5.2022)<br>(7 ഡെസ്ക്ക് ടോപ്പ് ) | പ്രൊജക്ട് നം.<br>94/22-23<br>ചെലവ് - 47528<br>( 23/13.6.22)<br>( 1 ഡെസ്ക്ക് ടോപ്പ് ) |

ജെം മുഖേനയാണ് കമ്പ്യൂട്ടറുകൾ വാങ്ങിയത്. മൂന്ന് പ്രൊജക്ടുകളിലായി 12 ഡെസ്ക് ടോപ്പുകളും 1 ലാപ്ടോപ്പുമാണ് വാങ്ങി പ്രസിഡന്റ്, വിവിധ സെക്ഷനുകൾ, ലൈബ്രേറിയൻ, പ്രൊജക്ട് അസിസ്റ്റന്റ് എന്നിവർക്ക് നൽകിയത്. പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) ജി.ഒ (ആർ.ടി) നം.99/2021/ഐ.ടി.ഡി തിയ്യതി 23.7.21പ്രകാരം വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എന്നിവിടങ്ങളിൽ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഡെസ്ക്ടോപ്പുകൾക്ക് പകരം ലാപ്ടോപ്പുകൾ വാങ്ങേണ്ടതാണ്. എന്നാൽ മുഴുവൻ സെക്ഷനുകൾക്കും ഡെസ്ക്ടോപ്പുകൾ ആണ് വാങ്ങി നൽകിയത്.

2) കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനുള്ള പ്രൊജക്ട് തയ്യാറാക്കുന്നതിന് മുമ്പ് ഉപയോഗക്ഷമമല്ലാത്ത കമ്പ്യൂട്ടറുകളുടെയും വിവിധ സെക്ഷനുകളിൽ ആവശ്യമായ കമ്പ്യൂട്ടറുകളുടെയും വിവരങ്ങൾ തയ്യാറാക്കിയതായി കാണുന്നില്ല. ഉപയോഗക്ഷമമല്ലാത്ത പഴയ കമ്പ്യൂട്ടറുകൾ ഡിസ്പോസ് ചെയ്തതായി കാണുന്നില്ല.

അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

**1-21 കാലിത്തീറ്റ സബ്സിഡി നൽകിയതിലെ അപാകതകൾ**

നിർവ്വഹണം - ഡയറി ഫാം ഇൻസ്ട്രക്ടർ

അടങ്കൽ - 17,00,000

ചെലവ് - 10,00,000

കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി എന്ന പദ്ധതിയിൽ വികസനഫണ്ടിൽ നിന്ന് 8,50,000 രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ 1,50,000 രൂപയുമുൾപ്പെടെ 10,00,000 രൂപ കർഷകർക്ക് കാലിത്തീറ്റ വാങ്ങിയതിന് സബ്സിഡി നൽകിയിട്ടുണ്ട്. സ.ഉ (കൈ)നം.115/2022 /തസ്വഭവ തീയതി 28/05/2022 ഖണ്ഡിക 6.3(16) പ്രകാരം 50% സബ്സിഡി നിരക്കിൽ നരിക്കാട്ടേരി, കല്ലാച്ചി, വിഷ്ണുമംഗലം, ആവോലം എന്നീ ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ മുഖേനയാണ് കാലിത്തീറ്റ കർഷകർക്ക് വിതരണം ചെയ്തത്. കേരള ഫീഡ്സിന്റെ "എലൈറ്റ് " കാലിത്തീറ്റ 50 കിലോ ബാഗിന് 1495 രൂപ ക്രമത്തിലാണ് കർഷകർക്ക് നൽകിയിരിക്കുന്നത്. സബ്സിഡി നൽകിയതിന്റെ വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| തുക | സാംക്ഷൻ ഓർഡർ |
|---|---|
| 1,43,020 | 144/9.12.22 |
| 97,175 | 173/25.12.22 |
| 1,49,500 | 178/2.1.23 |
| 31,395 | 197/9.1.23 |
| 2,24,250 | 222/23.1.23 |
| 59,800 | 235/3.2.23 |

| | |
|---|---|
| 91,195 | 339/16.3.23 |
| 53,665 | 340/16.3.23 |
| 1,50,000 | 154/12.12.2022 |

50 കിലോ വീതമുള്ള 1,338 ചാക്ക് കാലിത്തീറ്റ 4 സംഘങ്ങൾ മുഖേന വിതരണം ചെയ്തതിൽ 669 ചാക്കിന്റെ വിലയിനത്തിൽ (50%) 10,00,000 രൂപയിൽ ക്രമപ്പെടുത്തി (669X1495=1000155) സംഘങ്ങൾ മുഖേന നൽകിയിട്ടുണ്ട്. കേരളാഫീഡ്സിന്റെ ബിൽ പരിശോധിച്ചതിൽ സംഘങ്ങൾ കാലിത്തീറ്റ വാങ്ങിയത് 1,375 രൂപ ക്രമത്തിലും കർഷകർക്ക് വിതരണം ചെയ്തത് 1,495 രൂപ ക്രമത്തിലുമാണ്. ഹാൻഡ്‌ലിംഗ് ചാർജ് എത്ര രൂപയാണെന്ന് കേരള ഫീഡ്സ് നൽകിയ ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല. ചാക്കൊന്നിന് 120 രൂപ വീതം കർഷകരിൽ നിന്ന് അധികം (1495-1375) ഈടാക്കിയിട്ടുണ്ട്. ഇതുവഴി 669 ചാക്കുകളുടെ വിലയിനത്തിൽ 80,125രൂപ (669X120 - 155) കർഷകരിൽ നിന്ന് അധികം ഈടാക്കിയതായി കാണുന്നു. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്. 80,125 ന്റെ 50 ശതമാനം തുകയായ 40063 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-22 വർഷങ്ങളായി ഉപയോഗിക്കാതെയിരിക്കുന്ന ട്രാക്ടർ വർഷം തോറും ഇൻഷ്വർ ചെയ്യുന്നു .**

ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ട് വൗച്ചർ പരിശോധിച്ചതിൽ 31.12.22 ലെ20400101 നമ്പർ വൗച്ചർ പ്രകാരം 24,915/- രൂപ വാഹനങ്ങളുടെ ഇൻഷ്വറൻസ് ചാർജ്ജിനായി അടച്ചിട്ടുണ്ട് .ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു .

| വാഹന നമ്പർ | വാഹനം | ഇൻഷ്വർ തുക |
|---|---|---|
| KL 11G -8518 | Jeep | 8,197 /- |
| Kl 18 H 3794 | Motor Car | 6,547 /- |
| KL 11 Q 3180 | Tractor | 10,171 /- |
| ആകെ | | 24,915/- |

12.11.2002 ന് രജിസ്റ്റർ ചെയ്ത ട്രാക്ടറിന്റെ ഫിറ്റ്നസ്സ് കാലാവധി 22.02.2019 ന് കഴിഞ്ഞതാണ്. 31.3.18വരെയാണ് ടാക്സ് അടച്ചത്. ട്രാക്ടറിന്റെ വിശദാംശം പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയത് പ്രകാരം 2016 ന ശേഷം വാഹനം വല്ലപ്പോഴും മാത്രമാണ് ഉപയോഗിച്ചതെന്നും 2019 ന ശേഷം വാഹനം ഉപയോഗിച്ചിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് കോമ്പൗണ്ടിൽ വെച്ച് വാഹനം തീയിട്ട സംഭവം ഉള്ളതിനാലാണ് ഇൻഷ്വറൻസ് പുതുക്കിയതെന്നും അറിയിച്ചിട്ടുണ്ട്. ഹരിത കർമ്മ സേനയ്ക്ക് 2022 ൽ പുതിയ വാഹനം വാങ്ങിയതിനാൽ ട്രാക്ടർ കണ്ടം ചെയ്ത് വിൽക്കാൻ ഭരണസമിതി തീരുമാനത്തിനായി നിർദ്ദേശിച്ചിട്ടുണ്ടെന്നും 15 വർഷം കഴിഞ്ഞ വാഹനങ്ങൾ രജിസ്റ്റേഡ് വെഹിക്കിൾ സ്ക്രാപ്പിംഗ് സെന്റർ മുഖേന മാത്രമേ ലേലം ചെയ്ത് വിൽപ്പന നടത്താൻ പാടുള്ളൂ എന്ന് സർക്കാർ ഉത്തരവുള്ളതിനാലാണ് ലേല നടപടികൾ ആരംഭിക്കാത്തതെന്നും അറിയിച്ചിട്ടുണ്ട് .

എന്നാൽ 2022-23 വർഷം പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനമായ 1997 മോഡൽ കെ.എൽ 11ജി-8518 നമ്പർ മഹേന്ദ്ര ജീപ്പ് കണ്ടം MSTC -E Auction മുഖേന ലേലം ചെയ്തതിനാൽ മേൽ ട്രാക്ടർ ലേലം ചെയ്യാൻ സാധിച്ചില്ല എന്ന മറുപടി സ്വീകാര്യമല്ല .
2019-20 മുതൽ ഉപയോഗിക്കാതെ കിടക്കുന്ന വാഹനം ഇൻഷ്വർ ചെയ്യുന്നതിനായി വർഷം തോറും തുക ചെലവഴിച്ചത് പൊതു പണം പാഴാക്കുന്നതിന് തുല്യമാണ്. 22-23 ൽ ഇതിനായി ചെലവഴിച്ചത് 10,171/-

രൂപയാണ്. ഉപയോഗപ്രദമല്ലാത്ത കാലപ്പഴക്കം ചെന്ന വാഹനം സർക്കാർ നിർദ്ദേശങ്ങൾക്ക് വിധേയമായി കണ്ടം ചെയ്ത് ഒഴിവാക്കാതെ വർഷാ വർഷങ്ങളിൽ ഇൻഷൂർ ചെയ്തത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. തൻവർഷം ഇതിനായി 10,171/- രൂപ ചെലവഴിക്കാൻ നിർദ്ദേശിച്ച സെക്ഷൻ ക്ലർക്ക് ചെലവിന് അനുമതി നൽകിയ സെക്രട്ടറി എന്നിവരിൽ നിന്നും ചെലവ് തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ് .

**1-23 പഞ്ചായത്ത് ഭൂമിക്ക് നികുതി ഒടുക്കുന്നില്ല**

ആർജ്ജിച്ചതും വിട്ടുകിട്ടിയതുമായ കൈവശഭൂമിയുടെ വിവരങ്ങൾ സംബന്ധിച്ച രജിസ്റ്റർ, ആസ്തിരജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ 46 ആധാരങ്ങളിലായി ഭൂമി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ ആസ്തികളുടെ 2015 വരെയുള്ള കാലയളവിലെ നികുതി മാത്രമാണ് ഒടുക്കിയതായി കാണുന്നത്. കൈവശഭൂമി സംരക്ഷിക്കുന്നതിൽ ഗ്രാമപഞ്ചായത്തിന് വീഴ്ച സംഭവിച്ച എന്നാണിത് കാണിക്കുന്നത്. കൈവശഭൂമിക്ക് കാലാകാലങ്ങളിൽ നികുതി ഒടുക്കേണ്ടതും ഭൂമി അന്യാധീനപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

**1-24 ആസൂത്രണ സമിതി ചുമതല തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിൽ വീഴ്ച വരുത്തുന്നു**

ഗ്രാമപഞ്ചായത്തുകളുടെ ആസൂത്രണ പ്രക്രിയയിൽ ആസൂത്രണ സമിതിക്ക് സുപ്രധാനമായ പങ്ക് വഹിക്കാനുണ്ട്. ഇത് സംബന്ധിച്ച് പതിനാലാം പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ) 84/2022 /തസ്വഭവ.തി.19.04.2022 ഖ.3ൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. ആസൂത്രണ സമിതിയുടെ പ്രധാന ചുമതല പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വേണ്ട സഹായം നൽകുക എന്നതാണ്. ആസൂത്രണ നിർവ്വഹണ പ്രക്രിയകളിലെ ജനപങ്കാളിത്തം വർധിപ്പിക്കാൻ ഭരണ സമിതിയെ സഹായിക്കുക എന്നതാണ്. മറ്റ് പ്രധാന ഉത്തരവാദിത്തങ്ങൾ താഴെ പറയുന്നവയാണ്.

1. പ്രൊജക്ടുകളിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും ബാഹ്യസഹായ ഏജൻസികളുടെയും വികസന മിഷനുകളുടെയും വികസന പദ്ധതികളുമായുള്ള സംയോജന സാധ്യതകൾ കണ്ടെത്തുക

2. പദ്ധതി ആസൂത്രണത്തിനും ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണസമിതിക്ക് റിപ്പോർട്ട് നൽകുക, വികസനപദ്ധതിയിൽ തൽപ്പരരായ സ്റ്റേക്ക് ഹോൾഡർമാരുമായുള്ള കൂടിയാലോചന, ബാങ്കുകളും, സഹകരണ സ്ഥാപനങ്ങളുമായുള്ള ചർച്ച എന്നിവയ്ക്ക് സഹായം നൽകുക

3. പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ സംഘടിപ്പിക്കുക, സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, കാലാവസ്ഥ വ്യതിയാനം പ്രതിരോധിക്കുന്നതിനായി പ്രാദേശികമായി ഏറ്റെടുക്കേണ്ട പ്രവർത്തികൾ കണ്ടെത്തുന്നതിന് സഹായിക്കുക. എന്നിവയാണ്.

പദ്ധതിവർഷം ആസൂത്രണ സമിതി രണ്ട് യോഗങ്ങളാണ് ചേർന്നത്. യോഗങ്ങളുടെ മിനുട്സ് പരിശോധിച്ചതിൽ മിക്ക യോഗങ്ങളിലും അജണ്ട എഴുതാതെയാണ് ചേർന്നിരിക്കുന്നത്. യോഗങ്ങളിൽ നടന്ന ചർച്ചകൾ മിക്കതും പദ്ധതി ചെലവിന്റെ പുരോഗതി സംബന്ധിച്ചുള്ളവയാണ്. ആസൂത്രണ സമിതിയുടെ ചുമതലകൾ സംബന്ധിച്ച് മാർഗ്ഗരേഖയിൽ പറയുന്ന പ്രവർത്തനങ്ങൾ നടത്തിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പദ്ധതികൾ മോണിറ്ററിംഗ് നടത്തുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ആസൂത്രണ സമിതിയുടെ പ്രവർത്തനങ്ങളിലുണ്ടായ വീഴ്ചയ്ക്ക് വിശദീകരികരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/23/23.11.23) മറുപടി നൽകിയിട്ടില്ല. ഗ്രാമപഞ്ചായത്തുകളിലെ ആസൂത്രണ പ്രവർത്തനങ്ങളിൽ സുപ്രധാന പങ്ക് വഹിക്കുന്ന ആസൂത്രണ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-25 വിദ്യാഭ്യാസ ആനുകൂല്യത്തിനായി എസ്.സി വിദ്യാർത്ഥികളോട് വരുമാന സർട്ടിഫിക്കറ്റ് വാങ്ങുന്നു

എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | അസി.സെക്രട്ടറി |
| പ്രോജക്ട് നം. | 139/23 |
| അടങ്കൽ | 155356/- |
| ഫണ്ട് | വികസനം (SCP) |
| ചെലവ് | 155356/- |
| ബിൽനം. തി. | 753/23/27.12.22 |

എസ്.സി വിഭാഗത്തിലെ 4 വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകുന്നതിനാണ് ഈ പദ്ധതി നടപ്പാക്കിയത്. സ.ഉ (കൈ) നം.115/2022/ തസ്വഭവ.തി.28.05.2022 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖ.2-15(v)ൽ എസ്.സി.വിഭാഗം ഗുണഭോക്താക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിന് വരുമാന പരിധി ബാധകമല്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ആനുകൂല്യം നൽകിയ മിക്ക ഗുണഭോക്താക്കളിൽ നിന്നും വരുമാന സർട്ടിഫിക്കറ്റ് വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശം മറികടന്ന് ഗുണഭോക്താക്കളിൽ നിന്ന് അനാവശ്യമായി രേഖകൾ ആവശ്യപ്പെടുന്നത് ശരിയായ നടപടിയല്ല. പദ്ധതിയുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. വീഴ്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/23/23.11.23) മറുപടി നൽകിയിട്ടില്ല. പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പരിഗണിക്കാതെ ഗുണഭോക്താക്കളോട് അധികരേഖകൾ വാങ്ങിയതിന് തൃപ്തികരമായ വിശദീകരണം നൽകേണ്ടതാണ്.

## 1-26 ഐ.സി.ഡി.എസ് ഓഫീസിലേക്ക് അധിക വിലയുള്ള ഡസ്ക് ടോപ് വാങ്ങി

ഐ.സി.ഡി.എസ് ഓഫീസ് ആവശ്യത്തിനായി കമ്പ്യൂട്ടർ വാങ്ങുന്നതിനായി താഴെ സൂചിപ്പിച്ച പ്രകാരം പദ്ധതി നിർവ്വഹണം നടത്തിയിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണം | എം.ഒ (ആയു) |
| പ്രോജക്ട് നം. | 123/23 |
| അടങ്കൽ | 75000/- |
| ഫണ്ട് | തനത് ഫണ്ട് |
| ചെലവ് | 73554/- |

| | |
|---|---|
| ചെക്ക് നം,തിയ്യതി. | 144/23/15.10.22 |

ഡസ്ക് ടോപ്പും പ്രിന്ററും വാങ്ങുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. കെൽട്രോൺ മുഖേനയാണ് ഇത് വാങ്ങിയിരിക്കുന്നത്. 54,954/- രൂപയാണ് വിലയായി നൽകിയിരിക്കുന്നത്. ഓഫീസ് ആവശ്യത്തിന് ഉബണ്ടു ഓപ്പറേറ്റിംഗ് സിസ്റ്റമുള്ള മീഡിയം സ്പെസിഫിക്കേഷൻ സിസ്റ്റം മതിയെന്നിരിക്കേ (സ.ഉ.കൈ.നം.115/22/തസ്വഭവ.തി.28.05.22 സബ്സിഡി മാർഗ്ഗരേഖ അനുബന്ധം 4കാണുക) വിൻഡോസ് 11 ഓപ്പറേറ്റിംഗ് സിസ്റ്റമുള്ള വില കൂടുതലുള്ള ഡസ്ക് ടോപ്പാണ് വാങ്ങിയത്. ഓഫീസുകളിലേക്ക് കമ്പ്യൂട്ടറുകൾ വാങ്ങുമ്പോൾ ഡസ്ക് ടോപ്പുകൾക്ക് പകരം ലാപ്ടോപ്പുകൾ വാങ്ങണമെന്ന സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. ഇത് സംബന്ധിച്ച് പർച്ചേസ് കമ്മിറ്റിയിൽ ചർച്ച നടന്നതായി കാണുന്നില്ല. പദ്ധതിയുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യ പത്രം എന്നിവയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അധിക വിലയുടെ സിസ്റ്റം വാങ്ങാനുണ്ടായ സാഹചര്യം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11 /23/23.11.23) മറുപടി സമർപ്പിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്ന കാര്യത്തിൽ പ്രൊക്വയർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

**1-27 പഞ്ചായത്തിൽ ടേക്ക് എ ബ്രേക്ക് പ്രവൃത്തി പൂർത്തിയായില്ല**

സ.ഉ (കൈ) നം.39/2020.തസ്വഭവ.തി.20.02.2020, സ.ഉ (കൈ) നം.45/2020.തസ്വഭവ. തി.06.03.2020 എന്നിവ പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ പൊതു ശുചി മുറികളും ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളും നടപ്പിലാക്കുന്നതിന് പാതയോരങ്ങളിൽ സ്ഥിതിചെയ്യുന്ന സർക്കാർ/പൊതു മേഖലാ സ്ഥാപനങ്ങളുടെ പരിസരങ്ങൾ,തദ്ദേശ സ്ഥാപനങ്ങളുടെ ഓഫീസ് പരിസരം,വാണിജ്യ കേന്ദ്രങ്ങൾ, ബസ് സ്റ്റാന്റ്, ബസ് സ്റ്റോപ്പ് പരിസരങ്ങൾ എന്നിവിടങ്ങളിൽ നിശ്ചിത മാതൃകയിൽ കെട്ടിടങ്ങൾ പണിയാമെന്ന സർക്കാർ നിർദ്ദേശത്തിന്റെ ഭാഗമായി ആരംഭിച്ച പ്രവൃത്തി പൂർത്തിയാക്കിയില്ല.

ഗ്രാമപഞ്ചായത്തിലെ കല്ലാച്ചി ടൗണിൽ 2020-21 ലാണ് കെട്ടിടം പണി ആരംഭിച്ചത്. കെട്ടിടത്തിന്റെ പണി പൂർത്തിയായെങ്കിലും വയറിംഗ്,പ്ലംബിംഗ്, മുൻഭാഗത്ത് ഷീറ്റിടൽ എന്നിവ പൂർത്തിയാക്കിയിട്ടില്ല. ഇതിനായി 2023-24 വർഷം പദ്ധതി നടപ്പാക്കി വരുന്നുണ്ട്. പദ്ധതി ആരംഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും സമയ ബന്ധിതമായി ഇത് പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. വീഴ്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/22-23 / 23.10.23) മറുപടി നൽകിയിട്ടില്ല. ടേക്ക് എ ബ്രേക്ക് പ്രവൃത്തി പൂർത്തിയാക്കാൻ അടിയന്തിര നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

**1-28 തൊഴിൽ സംരംഭങ്ങൾക്ക് ഊന്നൽ നൽകി പദ്ധതി രൂപീകരിക്കുന്നതിൽ വീഴ്ച**

പതിനാലാം പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്ചെറുകിട - പരമ്പരാഗത വ്യവസായങ്ങൾ പ്രോൽസാഹിപ്പിക്കുകയും, അവയിൽ മൂലധന നിക്ഷേപം വർധിപ്പിക്കുകയും ചെയ്യുക എന്നതാണ്. എല്ലാ മേഖലകളിലും പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, തൊഴിൽ നൈപുണ്യ പരിശീലനം നൽകുക, സാങ്കേതിക സഹായം നൽകുക, സംരഭകത്വ വികസനത്തിന് പ്രോൽസാഹനം നൽകുക എന്നിവയും പദ്ധതിയുടെ ലക്ഷ്യങ്ങളാണ്.(സ.ഉ.(കൈ) നം.84/22/തസ്വഭവ. തി.19.04.2022 ഖ 8-4 കാണുക)

സംരഭകത്വ പദ്ധതികളുടെ സാക്ഷാൽക്കാരത്തിനായി തദ്ദേശീയരായ സംരഭകരെ പ്രോൽസാഹിപ്പിക്കേണ്ടത് ആവശ്യമാണ്.അഭ്യസ്ത വിദ്യരായ യുവജനങ്ങൾക്ക് വിവിധ മേഖലകളിൽ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനു വേണ്ട നൈപുണ്യ വികസന പരിശീലനം വ്യാപകമായി നൽകുന്നതിനുള്ള പ്രൊജക്ടുകൾക്ക് രൂപം നൽകണം. എന്നാൽ പദ്ധതി വർഷം ഇത്തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ സാധിച്ചിട്ടില്ല. ചെറുകിട വ്യവസായവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് ബുക്കിൽ ഈ മേഖലയിലെ നിരവധി പദ്ധതി നിർദ്ദേശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽഈ മേഖലയിൽ പദ്ധതി വർഷം കാര്യമായ നേട്ടങ്ങൾ കൈവരിക്കാൻ പഞ്ചായത്തിന്

കഴിഞ്ഞിട്ടില്ല. വീഴ്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/23 /23.11.23) മറുപടി മൽകിയിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ ചെറുകിട വ്യവസായ മേഖലയെ പരിപോഷിപ്പിക്കുന്നതിനുതകുന്ന രീതിയിൽ പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ കാര്യത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### 1-29 ഫിഷറീസ് മേഖലയിൽ പദ്ധതി നടപ്പാക്കിയില്ല

ഭക്ഷ്യോത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ ആവിഷ്കരിച്ച സുഭിക്ഷകേരളം പദ്ധതിയുടെ നിർവ്വഹണ ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. മേൽ ചുമതല നിറവേറ്റുന്നതന്റെ ഭാഗമായി ഫിഷറീസ് മേഖലയിൽ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് കഴിഞ്ഞിട്ടില്ല.

1994 കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പ് പ്രകാരമുള്ള 3-ാം പട്ടികയിൽ മേഖലാ അടിസ്ഥാനത്തിലുള്ള ചുമതലയിൽ കുളത്തിലെ മത്സ്യസമ്പത്തിന്റെ വികസനവും ശുദ്ധജലത്തിലെയും ക്ഷാരജലത്തിലെയും മീൻവളർത്തലും സമുദ്രവിഭവ വികസനവും നടപ്പാക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. എന്നാൽ മുൻകാലങ്ങളിലൊന്നും തന്നെ മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടില്ല. മേൽ വീഴ്ചകൾ മത്സ്യ മേഖലയുടെ വികസനത്തിന് തടസ്സം സൃഷ്ടിച്ചിട്ടുണ്ട്.

മേഖലയിൽ പദ്ധതികൾ നടപ്പാക്കാത്തതിനുള്ള കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/ 23 / 23.11.23) മറുപടി നൽകിയിട്ടില്ല. മത്സ്യ മേഖലയുടെ വികസനത്തിന് ഉതകുന്ന തരത്തിലുള്ള പദ്ധതികൾ നടപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

### 1-30 അങ്കണവാടികളിൽ ശിശു സൗഹൃദ ചുമർച്ചിത്രം തയ്യാറാക്കിയതിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ പത്ത് അങ്കണവാടികളിലെ ചുമരുകളിൽ ശിശു സൗഹൃദ ചുമർച്ചിത്രം വരയ്ക്കുന്നതിന് താഴെ സൂചിപ്പിച്ച പ്രകാരം പദ്ധതി നിർവ്വഹണം നടത്തിയിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണം | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| പ്രോജക്ട് നം. | 115/23 |
| അടങ്കൽ | 350000/- |
| ഫണ്ട് | എം.ജി(എൻ.ആർ) |
| ചെലവ് | 249997/- |
| ചെക്ക് നം,തിയ്യതി. | 827/23/28.3.23 |

അങ്കണവാടികളിലെ ചുമരുകളിൽ പെയിന്റിംഗ് ചെയ്ത് ശിശു സൗഹൃദ ചുമർച്ചിത്രം വരയ്ക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. ടെണ്ടർ മുഖേന നടപ്പാക്കിയ പദ്ധതിക്ക് അസിസ്റ്റന്റ് എഞ്ചിനിയറുടെ വാല്യേഷന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയത്. പൊതുമരാമത്ത് പ്രവൃത്തിയുടെ മാനദണ്ഡങ്ങൾ പാലിച്ച് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പാക്കേണ്ടിയിരുന്ന ഈ പദ്ധതി, ഇത്തരം മാനദണ്ഡങ്ങൾ പാലിക്കാതെയാണ് നടപ്പാക്കിയിരിക്കുന്നത്. പൊതുമരാമത്ത് പ്രവൃത്തിയുടെ മാനദണ്ഡങ്ങൾ പാലിക്കാതെ പദ്ധതി നടപ്പാക്കിയതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14 /23/23.11.23) മറുപടി നൽകിയിട്ടില്ല. ഇത്തരം പ്രവൃത്തികൾ പൊതുമരാമത്ത് പ്രവൃത്തിയുടെ മാനദണ്ഡങ്ങൾ പാലിച്ച് നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

### 1-31 ഹരിത കർമ്മസേന പ്രവർത്തനങ്ങളിലെ അപാകതകൾ

സ.ഉ (സാധാ) നം. 2420/തസ്വഭവ/തി.15.07.2017 ഉത്തരവ് പ്രകാരം ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി 2021 മുതൽ ഹരിത കർമ്മ

സേന രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. 22 വാർഡുകളിലായി 44 അംഗങ്ങളാണ് ഇതിൽ പ്രവർത്തിക്കുന്നത്. കൃത്യമായ ഇടവേളകളിൽ മാലിന്യം ശേഖരിച്ച് കയറ്റിയയച്ചു വരുന്നുണ്ട്. പ്ലാസ്റ്റിക്കും മറ്റ് മാലിന്യങ്ങളും ശേഖരിച്ച് വേർതിരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഓഫീസിനടുത്തായി എം.സി.എഫ് കേന്ദ്രം സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിലെ മുഴുവൻ മാലിന്യങ്ങളും കൈകാര്യം ചെയ്യാൻ ഇവിടെ സൗകര്യമില്ല. അതിനാൽ കൂടുതൽ സൗകര്യമുള്ള സ്ഥലത്തേക്ക് എം.സി.എഫ് മാറ്റി സ്ഥാപിക്കേണ്ടതുണ്ട്.

വാർഡുകളിൽ നിന്ന് മാലിന്യം എം.സി.എഫിലേക്ക് എത്തിക്കുന്നതിന് സ്വന്തമായി വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. പദ്ധതി വർഷം വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥയായി ഹരിത കർമ്മ സേനയുമായി ബന്ധപ്പെട്ട് ചില പദ്ധതികൾ ആസൂത്രണം ചെയ്തെങ്കിലും ഇവ നിർവ്വഹണം നടത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം | പദ്ധതിയുടെ പേര് | അടങ്കൽ |
|---|---|---|
| 174/23 | മാലിന്യ സംസ്കരണ പ്ലാന്റ് അജൈവ മാലിന്യ പരിപാലനം | 2,50,000 |
| 27/23 | ഹരിത കർമ്മ സേനയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ | 1,50,950 |
| 293/23 | ഹരിത കർമ്മ സേന വാഹനത്തിന് ഗ്രിൽസ് നെറ്റ് | 50,000 |

ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഈ പദ്ധതികൾ നിർവ്വഹണം നടത്താതെ തുക ലാപ്സായി. പദ്ധതി വർഷം റിജക്റ്റഡ് മാലിന്യം കയറ്റിയയ്ക്കുന്നതിന് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതിയിൽ 32,640/-രൂപ ചെലവഴിച്ചിട്ടുണ്ട്. കോനാരി അഡ്വാൻസ്ഡ് ടെക്നോളജീസ് എന്ന കമ്പനിയാണ് റിജക്റ്റഡ് വേസ്റ്റ് കൊണ്ടുപോകുന്നത്. ഇതിനായി സെക്രട്ടറിയുമായി എഗ്രിമെന്റ് വെച്ചിട്ടുണ്ട്. സ്മാർട്ട് ഗാർബേജ് പദ്ധതി നടപ്പാക്കുന്നതിന് ഇതുവരെ നടപടി സ്വീകരിച്ചിട്ടില്ല. പഞ്ചായത്ത് പ്ലാസ്റ്റിക് ബൈലോ അംഗീകരിച്ചിട്ടുണ്ട്. യൂസർ ഫീ മുഴുവൻ പിരിച്ചെടുക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. മാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ കൈമാറാത്ത വീട്ടുടമകൾക്കെതിരെ നടപടിയെടുത്തിട്ടില്ലെന്ന് ഹരിതകർമ്മ സേനാംഗങ്ങൾ ഓഡിറ്റിനെ അറിയിക്കുകയുണ്ടായി. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/22-23 23/11/23) മറുപടി നൽകിയിട്ടില്ല. ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

**1-32 പദ്ധതി തുക കൈമാറി മാസങ്ങൾ കഴിഞ്ഞിട്ടും ഹോമിയോ മരുന്ന് ലഭിച്ചില്ല**

ഗ്രാമപഞ്ചായത്തിലെ ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| പ്രോജക്റ്റ് നം. | 06/23 |
| അടങ്കൽ | 100000/- |
| ഫണ്ട് | M.G.(NR) |
| ചെലവ് | 100000/- |
| ബിൽനം. തി. | 300/23/11.10.22 |

ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി മേൽ സൂചിപ്പിച്ച പദ്ധതി പ്രകാരം ഹോംകോയ്ക്ക് തുക കൈമാറിയിട്ടുണ്ട്. മരുന്ന് മുഴുവൻ ലഭിച്ചിട്ടില്ല. 69013/- രൂപയുടെ മരുന്നുകൾ ഇതുവരെയും ലഭിച്ചിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിനായി നം.58/2022/GHDK തി.09.11.23 കത്തുപ്രകാരം മെഡിക്കൽ ഓഫീസർ ഹോംകോയ്ക്ക് കത്തയച്ചെങ്കിലും മറുപടി ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/22-23/23.11.23) മറുപടി

നൽകിയിട്ടില്ല. കിട്ടാൻ ബാക്കിയുള്ള മരുന്നുകൾ ലഭ്യമാക്കി അറിയിക്കേണ്ടതാണ്. ലഭിക്കാൻ ബാക്കിയുള്ള മരുന്നിന്റെ വില 69,013/- രൂപ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 പഞ്ചായത്തിൽ നടന്ന ലേലം പിരിവുമായി ബന്ധപ്പെട്ട അപാകതകൾ .

ഓഡിറ്റിന്റെ ഭാഗമായി 2022-23 വർഷത്തേക്ക് നടന്ന ലേലത്തിന്റെ വരവുമായി ബന്ധപ്പെട്ട് ലേല ഡയറി , രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.ലേല പ്രകാരം ഉറപ്പിച്ച സംഖ്യ വാടകക്കാരനിൽ നിന്നും ഈടാക്കിയില്ല .

കല്ലാച്ചി ഷോപ്പിംഗ് കോംപ്ലക്സിലെ 10/888 നമ്പർ മുറി 18.3.22 ന് ലേലം ചെയ്തിട്ടുണ്ട്. ലേലം വിളി 2,431 /- രൂപയിൽ ആരംഭിച്ച് കൂടുതൽ സംഖ്യയായ 2,500/- രൂപക്ക് വിളിച്ച ശ്രീമതി ഹേമരാജ് .ടി.എൻ, ഇന്ദീവരം, വടകര എന്നയാൾക്ക് മുറി അനുവദിച്ച് കൊടുത്തിട്ടുണ്ട്. (30.3.22 ലെ 72 -ാം നമ്പർ തീരുമാന പ്രകാരം ലേലം അംഗീകരിച്ചിട്ടുണ്ട് ).

എന്നാൽ ഇവരിൽ നിന്നും 2,500/-രൂപ പ്രതിമാസ വാടക ഈടാക്കുന്നതിന് പകരം 2,431 /- രൂപ തോതിലാണ് ഈടാക്കിയത് . അതുവഴി വരുമാനത്തിലുണ്ടായ കുറവിന്റെ വിവരം ചുവടെചേർക്കുന്നു .

| നിശ്ചയിച്ച വാടക | സി.ജി.എസ്.ടി | എസ്.ജി.എസ്.ടി | ഈടാക്കിയ വാടക | ഈടാക്കിയ സി.ജി.എസ്.ടി | ഈടാക്കിയ എസ്.ജി. എസ്.ടി |
|---|---|---|---|---|---|
| 2500X12 | 225 | 225 | 2431X12 | 219 | 219 |
| ആകെ ഈടാക്കേണ്ടത് 35400 | | | ആകെ ഈടാക്കിയത് 34428 | | |

ഈടാക്കിയതിലുള്ള കുറവ് 972/-

2.ലേലം നടന്ന മാസത്തെ വാടക ഈടാക്കിയിട്ടില്ല .

കല്ലാച്ചി ഷോപ്പിംഗ് കോംപ്ലക്സിലെ 10/889 നമ്പർ മുറി 8.11.22 ന് ലേലം ചെയ്തിട്ടുണ്ട്. ലേലം വിളിച്ചതു പ്രകാരം കൂടുതൽ സംഖ്യയ്ക്ക് (905 രൂപ) ലേലം വിളിച്ച ശ്രീ.അശോകൻ.കെ.ടി.കെയ്ക്ക് മുറി താൽക്കാലികമായി സ്ഥിരപ്പെടുത്തിയിട്ടുണ്ട്. ആയത് 16.11.22 ലെ 275-ാം നമ്പർ തീരുമാന പ്രകാരം ലേലം അംഗീകരിച്ചിട്ടുണ്ട്. 8.11.22 ന് ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തിയിട്ടും ടിയാനിൽ നിന്നും നവംബർ മാസത്തെ വാടക ഈടാക്കിയിട്ടില്ല. എന്നാൽ ഇതേ വർഷം തന്നെ നടന്ന മറ്റു ലേലങ്ങളിൽ നിന്നും ലേലം നടന്ന മാസങ്ങളിലെ വാടക മുഴുവനായും ഈടാക്കിയിട്ടുണ്ട് .

ഇതേ വർഷം തന്നെ ലേലം നടന്ന മറ്റുമുറികളുടെ വിശദാംശം ചുവടെ ചേർക്കുന്നു .

| മുറി നമ്പർ | ലേലം നടന്ന തിയ്യതി | വാടക ഈടാക്കി തുടങ്ങിയ മാസം |
|---|---|---|
| 10/887 | 27.09.2022 | 2022 സെപ്റ്റംബർ മാസം |
| 10/871 | 13.6.2022 | 2022 ജൂൺ മാസം |
| എസ്.സി വിഭാഗത്തിനുള്ള മുറി | 13.6.2022 | 2022 ജൂൺ മാസം |

മേൽ വാടകക്കാരിൽ നിന്നെല്ലാം ലേലം നടന്ന മാസങ്ങളിലെ മുഴുവൻ വാടകയും ഈടാക്കിയിട്ടുണ്ട് .

3.ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളിൽ നിന്നുള്ള വാടക മുഴുവനായും പിരിച്ചെടുത്തില്ല .

ചുവടെ ചേർത്ത ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളിൽ നിന്നുള്ള വാടക മുഴുവനായും പിരിച്ചെടുത്തതായാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ വിശദാംശം പരിശോധിച്ചതിൽ മുഴുവൻ വാടകയും വരവ് വന്നിട്ടില്ല എന്ന് കാണുന്നു .

I.

| ക്രമ നമ്പർ | മുറി നമ്പർ | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക | വാടക ഈടാക്കിയ രശീതി നമ്പർ , തുക |
|---|---|---|---|---|
| I | 10/862 | സെക്രട്ടറി നാദാപുരം സർവ്വീസ് കോ-ഓ-ബാങ്ക് | 5003+450+450= 5903 | 1220100838 – 17859/-<br>1220100838 – 9315/-<br>1220101612- 5953/-<br>1220101613- 3105/-<br>1220104229-18059/-<br>1220104230-9419/-<br>1220106313 11856/<br>220106314-6184/-<br>1220108619-11906/-<br>1220108618-6210/-<br>1220111817-<br>1220111815- |
| II | 10/863 | | 2609+235+235 =3079 | |
| | | | 107784 | 99866 |

മേൽ പ്രകാരമുള്ള രണ്ടു മുറികൾക്കുമായി പ്രതിമാസം 8,982/- രൂപ വീതം വാടകയുടെ അടിസ്ഥാനത്തിൽ ആകെ 1,07,784 - രൂപയാണ് വരവ് വരേണ്ടത്. എന്നാൽ മുകളിലുള്ള രശീതികളിൽ നിന്നായി 99,866 /-രൂപയാണ് വരവ് വന്നത്. ഇതു പ്രകാരം 7,918/- രൂപയുടെ കുറവുണ്ടായിട്ടുണ്ട്. 1220111817, 1220111815 നമ്പർ രശീതികൾ പ്രകാരം ശേഷിക്കുന്ന മുഴുവൻ വാടകയും ഈടാക്കിയതായാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയത് .

II.

| ക്രമ നമ്പർ | മുറി നമ്പർ | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക | വാടക ഈടാക്കിയ രശീതി നമ്പർ , തുക |
|---|---|---|---|---|
| I | 10/903 | കുഞ്ഞികൃഷ്ണൻ നമ്പ്യാർ | 910+82+82= 1074 | 1220102173 , 5560/- |

5 മാസത്തെ വാടക ഫൈൻ ഉൾപ്പടെ 5,560/-രൂപ മേൽ രശീതി പ്രകാരം ഈടാക്കിയിട്ടുണ്ട് , ശേഷിക്കുന്ന 7മാസങ്ങളിലെ വാടക ഈടാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട് .രശീതി നമ്പറും രേഖപ്പെടുത്തിയിട്ടുണ്ട്. രശീതി പരിശോധിച്ചതിൽ 7മാസത്തെ വാടകയുടെ അടവ് വന്നിട്ടില്ല

എന്ന് കാണുന്നു .

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല . ലേല പ്രകാരം ഉറപ്പിച്ച സംഖ്യ ഈടാക്കാത്തതു വഴി കുറവ് വന്ന 972 /- രൂപ , ലേലം നടന്ന മാസത്തെ വാടക ഈടാക്കാത്തത് വഴി ഉണ്ടായ കുറവ് 905 /- രൂപ രജിസ്റ്ററിലെ രേഖപ്പെടുത്തലുകളിൽ മുഴുവൻ വാടകയും ഈടാക്കി എന്ന് തെറ്റായി രേഖപ്പെടുത്തിയതു വഴി ഉണ്ടായ കുറവ് 15,436 രൂപയും ചേർത്ത് ആകെ കുറവ് വന്ന 17,313/-രൂപ ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതാണ് .

### 2-2 മത്സ്യമാർക്കറ്റ് ലേലം തുക മുഴുവനായും വരവ് വന്നില്ല .

കല്ലാച്ചി മത്സ്യമാർക്കറ്റിലെ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള 10/871 നമ്പറിലുള്ള ഒരു മുറി 13.6.22 ന് ലേലം നടത്തിയതിന്റെ അടിസ്ഥാനത്തിൽ കൂടിയ തുകയ്ക്ക് വിളിച്ച ശ്രീ എം.പി.കൃഷ്ണൻ ലേലം കൊണ്ടിട്ടുണ്ട് . പ്രതിമാസ വാടക 3,600 രൂപ യ്ക്കാണ് ലേലം കൊണ്ടത്. സി.ജി.എസ്.ടി 324 രൂപ എസ്.ജി.എസ്.ടി 324 രൂപ എന്നിവ ചേർത്ത് ആകെ 4,248/- രൂപയാണ്. 2 മാസത്തെ വാടക 13.6.22 ന് 8,496/- രൂപ അടവാക്കിയിട്ടുണ്ട്. ശേഷിക്കുന്ന 8 മാസത്തെ വാടക 33,984/- രൂപ അടവാക്കാനുണ്ട് .

10/873 നമ്പർ മുറിയിൽ പ്രവർത്തിക്കുന്ന ഫിഷ് മാർക്കറ്റ് ലേലം ചെയ്തതിന് കൂടിയ തുകയായ 3,41,850/- രൂപയ്ക്ക് ലേലം വിളിച്ച ശ്രീ നിജേഷ്. പി യ്ക്കാണ് മുറി അനുവദിച്ചത്. ജി.എസ്.ടി ഉൾപ്പടെ ആകെ 4,03,382/-രൂപ ടിയാൻ അടവാക്കേണ്ടതുണ്ട്. 5,000/- രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റും ആദ്യ ഗഡു 35,400/-രൂപയും ചേർത്ത് ആകെ 40,400/- രൂപ 18.3.22 ന് അടവാക്കിയിട്ടുണ്ട് . ശേഷിക്കുന്ന തുക,3,62,982/- രൂപ അടവാക്കാനുണ്ട്.

2 മുറികളുടേയും അവശേഷിക്കുന്ന വാടകക്ക് ശ്രീ കൃഷ്ണൻ എന്നയാൾ 3,68,350/- രൂപയുടെ ചെക്ക് ( നം 715831 തി 31.3.23 ) നൽകിയിട്ടുണ്ട് .അക്കൗണ്ടിൽ മതിയായ തുക ഇല്ലാത്തതിനാൽ ചെക്ക് മടങ്ങുകയും 25.4.23 ന് ടിയാൻ ബാങ്കിൽ നേരിട്ട് 3,68,350/- രൂപ അടവാക്കുകയും ചെയ്തിട്ടുണ്ട് .

യഥാർത്ഥത്തിൽ അടവാക്കാനുള്ളത് 3,96,966/- രൂപയാണ് (362982/- + 33984 = 396966) അതിന് 3,68,350/- രൂപ മാത്രം ഈടാക്കിയതിനുള്ള കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈടാക്കിയതിൽ കുറവ് വന്ന 28,616 /- രൂപ ഉത്തരവാദിയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ് .

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വർഷങ്ങളായി ഉപയോഗിക്കാതെയിരിക്കുന്ന ട്രാക്ടർ വർഷം തോറും ഇൻഷ്വർ ചെയ്യുന്നു .

ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ട് വൗച്ചർ പരിശോധിച്ചതിൽ 31.12.22 ലെ20400101 നമ്പർ വൗച്ചർ പ്രകാരം 24,915 /-രൂപ വാഹനങ്ങളുടെ ഇൻഷ്വറൻസ് ചാർജ്ജിനായി അടച്ചിട്ടുണ്ട്. ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു .

| വാഹന നമ്പർ | വാഹനം | ഇൻഷ്വർ തുക |
|---|---|---|
| KL 11G -8518 | Jeep | 8,197 /- |
| Kl 18 H 3794 | Motor Car | 6,547 /- |
| KL 11 Q 3180 | Tractor | 10,171 /- |

| | | |
|---|---|---|
| ആകെ | | 24,915/- |

12.11.2002 ന് രജിസ്റ്റർ ചെയ്ത ട്രാക്ടറിന്റെ ഫിറ്റ്നസ്സ് കാലാവധി 22.02.2019 ന് കഴിഞ്ഞതാണ്. 31.3.18വരെയാണ് ടാക്സ് അടച്ചത്. ട്രാക്ടറിന്റെ വിശദാംശം പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയത് പ്രകാരം 2016 ന ശേഷം വാഹനം വല്ലപ്പോഴും മാത്രമാണ് ഉപയോഗിച്ചതെന്നും 2019 ന ശേഷം വാഹനം ഉപയോഗിച്ചിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് കോമ്പൗണ്ടിൽ വെച്ച് വാഹനം തീയിട്ട സംഭവം ഉള്ളതിനാലാണ് ഇൻഷ്വറൻസ് പുതുക്കിയതെന്നും അറിയിച്ചിട്ടുണ്ട്. ഹരിത കർമ്മ സേനയ്ക്ക് 2022 ൽ പുതിയ വാഹനം വാങ്ങിയതിനാൽ ട്രാക്ടർ കണ്ടം ചെയ്ത് വിൽക്കാൻ ഭരണസമിതി തീരുമാനത്തിനായി നിർദ്ദേശിച്ചിട്ടുണ്ടെന്നും 15 വർഷം കഴിഞ്ഞ വാഹനങ്ങൾ രജിസ്റ്റേഡ് വെഹിക്കിൾ സ്ക്രാപ്പിംഗ് സെന്റർ മുഖേന മാത്രമേ ലേലം ചെയ്ത് വിൽപ്പന നടത്താൻ പാടുള്ളൂ എന്ന് സർക്കാർ ഉത്തരവുള്ളതിനാലാണ് ലേല നടപടികൾ ആരംഭിക്കാത്തതെന്നും അറിയിച്ചിട്ടുണ്ട് .

എന്നാൽ 2022-23 വർഷം പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനമായ 1997 മോഡൽ കെ.എൽ 11ജി-8518 നമ്പർ മഹേന്ദ്ര ജീപ്പ് കണ്ടം MSTC -E Auction മുഖേന ലേലം ചെയ്തതിനാൽ മേൽ ട്രാക്ടർ ലേലം ചെയ്യാൻ സാധിച്ചില്ല എന്ന മറുപടി സ്വീകാര്യമല്ല .

2019-20 മുതൽ ഉപയോഗിക്കാതെ കിടക്കുന്ന വാഹനം ഇൻഷ്വർ ചെയ്യുന്നതിനായി വർഷം തോറും തുക ചെലവഴിച്ചത് പൊതു പണം പാഴാക്കുന്നതിന് തുല്യമാണ്. 2022-23 ൽ ഇതിനായി ചെലവഴിച്ചത് 10,171/- രൂപയാണ് . ഉപയോഗപ്രദമല്ലാത്ത കാലപ്പഴക്കം ചെന്ന വാഹനം സർക്കാർ നിർദ്ദേശങ്ങൾക്ക് വിധേയമായി കണ്ടം ചെയ്ത് ഒഴിവാക്കാതെ വർഷാ വർഷങ്ങളിൽ ഇൻഷ്വർ ചെയ്തത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. തൻവർഷം ഇതിനായി 10,171/- രൂപ ചെലവഴിക്കാൻ നിർദ്ദേശിച്ച സെക്ഷൻ ക്ലർക്ക് ചെലവിന് അനുമതി നൽകിയ സെക്രട്ടറി എന്നിവരിൽ നിന്നും ചെലവ് തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ് .

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 18.11.2023-20.11.2023 | ഇതേ നമ്പർ ഓഡിറ്റ് റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ച |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്-തൂണേരി | 2022-23 | 1,98,600 | 181/22-23.ലൈഫ് ഭവനപദ്ധതി പട്ടികജാതി | 1,98,600 | 0 |
| | 2022-23 | 2,00,000 | 166/22-23.ലൈഫ് ഭവനപദ്ധതി ജനറൽ | 2,00,000 | 0 |
| | 2022-23 | 5,22,000 | 104/22-23.ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് | 5,22,000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | സ്കോളർഷിപ്പും ബത്തയും നൽകൽ | | |
| | 2022-23 | 1,50,000 | 147/22-23. കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി | 1,50,000 | 0 |
| | 2022-23 | 1,00,000 | 120/22-23.ക്ഷീരകർഷകർക്ക് മിൽക്ക് ഇൻസെന്റീവ് | 1,00,000 | |
| | 2021-22 | 5,00,000 | 47/22-23.മലയിൽ ലക്ഷം വീട് അംഗൻവാടി കെട്ടിടനിർമ്മാണം | 5,00,000 | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1,90,000 | 81/22-23.ലൈഫ് ഭവനപദ്ധതി പട്ടികജാതി | 1,90,000 | 0 |
| | 2022-23 | 1,74,000 | 104/22-23.ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ | 1,74,000 | |
| | 2022-23 | 5,98,779 | 47/22-23.മലയിൽ ലക്ഷം വീട് അംഗൻവാടി കെട്ടിടനിർമ്മാണം | 5,98,779 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| നാദാപുരം ഗ്രാമപഞ്ചായത്ത് -ഓഡിറ്റോറിയം നിർമ്മാണം | 113/14തിയ്യതി-13.05.2014 | 0 | 21,43,896 | 21,43,896 | 1,19,888 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | സ.ഉ.68/2018, തീയ്യതി- 18.05.2018 | | 53,91,353 | 10,01,246 | | 43,90,107 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5,000 |
| തൻവർഷം നിക്ഷേപിച്ച തുക | 2,00,00,000 |
| ആകെ | 2,00,05,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2,00,05,000 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | തുക |
|---|---|---|
| 1 | നാദാപുരം കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ | 5,000 |
| 2 | കേരള ഗ്രാമീൺ ബാങ്ക് – കല്ലാച്ചി ശാഖ (10 ലക്ഷം വീതം 20 എഫ്.ഡി.) | 2,00,00,000 |
| ആകെ | | 2,00,05,000 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 21 | 2003-04 | 11.13.7.1 | നികുതി പിരിവിൽ അംഭാവം | തുടരുന്നു. |
| 2014-15 | 2-3 | 2016-17 | അനുബന്ധം4.188 | തൊഴിൽ നികുതി അപാകതകൾ | പരാമർശം നിലനില്ക്കുന്നു |
| 2015-16 | 2-7 | 2016-17 | അനുബന്ധം5.211 | തൊഴിൽ | പരാമർശം |

| | | | | | | |
|---|---|---|---|---|---|---|
| | | | | | നികുതി അപാകതകൾ | നിലനില്ക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,45,36,809 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,23,38,959 |
| വരവിനങ്ങളിലുള്ള നഷ്ടം | 45,929 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 10,171 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,09,076 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 17,313 | | ശ്രീ.ടി ഷാഹുൽ ഹമീദ്,സെക്രട്ടറി |
| 2-2 | 28,616 | | ശ്രീ.ടി ഷാഹുൽ ഹമീദ്,സെക്രട്ടറി |
| 3-1 | | 10,171 | ശ്രീ.ടി ഷാഹുൽ ഹമീദ്,സെക്രട്ടറി |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1- 21 | 40,063 | ശ്രീമതി.സുനിഷ ഡയറി ഫാം ഇൻസ്ട്രക്ടർ |
| 1- 32 | 69,013 | ഡോ.ഷൈനി.പി.ബി, മെഡിക്കൽ ഓഫീസർ, ഹോമിയോ |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ടി ഷാഹുൽ ഹമീദ്, സെക്രട്ടറി | ഇന്റേണൽ വിജിലൻസ് ഓഫീസർ, ജോയിന്റ് ഡയറക്ടർ ഓഫീസ്, കോഴിക്കോട് | കെ.സി ഹൗസ്, മഞ്ചക്കൽ, മാഹി 673310 |
| ശ്രീമതി.സുനിഷ ഡയറി ഫാം ഇൻസ്ടക്ടർ | ഡയറി ഫാം ഇൻസ്ടക്ടർ,നാദാപുരം | ഏദൻ, മലയംപാടി, കേളകം, കണ്ണൂർ |
| ഡോ.ഷൈനി.പി.ബി, മെഡിക്കൽ ഓഫീസർ, ഹോമിയോ | മെഡിക്കൽ ഓഫീസർ, ഹോമിയോ, നാദാപുരം ഗ്രാമപഞ്ചായത്ത്. | ചൈതന്യ, ഈസ്റ്റ് ദേവഗിരി, അമ്പലക്കോത്ത് റോഡ്, മെഡിക്കൽ കോളേജ്.പി.ഒ, കോഴിക്കോട് 673008 |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2007-08 | കെ.എസ്.എ. കെ.കെ.ഡി.പി 6/ 1387/2022 (2)തീ.20.01.2023 | 3 | 3-4 (1), 3-12,3-15 |
| 2011-12 | കെ.എസ്.എ.കെ.കെ.ഡി.പി(6)/ 1387/2022 (6)തീ.20.01.2023 | 2 | 3-4,3-6 |

| | | | |
|---|---|---|---|
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി(6)/ 1387/2022(8) തീ.25.01.2023 | 15 | 2-2, 2-3, 2-5(1, 2, 6, 9, 10), 2-6, 2-7, 2-9, 3-1, 3-4, 3-21, 3-25, 3-34 |
| 2016-17 | എൽ.എഫ്. കെ.കെ.ഡി.പി 6/ 1387/2022(9) തീ.25.01.2023 | 8 | 2-5,3-8, 3-10, 3-11, 3-16, 3-17(1),(2), 3-19 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി(6)/ 1387/2022(10) തീ.27.01.2023 | 15 | 2-1, 2-2,2-3, 3-1 (2,4), 3-2(1), 3-3, 3-6, 3-9, 3-10,3-12(2,3), 3-13, 3-14, 3-15 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി(6)/ 1387/2022(11) തീ.28.01.2023 | 12 | 1-6-1,1-6-3,1-8(1), 1-9, 1-10, 1-11(a), 1-17, 1-19, 1-22, 1-24(a,b), 3-1 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.പി(6)/ 1217/2022 തിയ്യതി 10.05.2023 | 19 | 1-1, 1-1-1 മുതൽ 1-1-5 വരെ, 1-3 (2, 4, 5, 6, 7, 8, 9), 1-4 1-5, 1-5-1, 1-7, 1-8, 1-9, 1-11 മുതൽ 1-15 വരെ |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി.പി(6)/ 1395/2022 തിയ്യതി-19.07.2023 | 49 | 1-1-5, 1-2(2), 1-2(4), 1-2(5), 1-2(10), 1-2(11), 1-4-1, 1-4-4, 1-4-5, 1-5, 1-6, 1-7, 1-8, 1-9, 1-10, 1-11, 1-13(1), 1-13 (3 To 5), 1-14, 1-15, 1-17, 1-18, 1-19, 1-20, 1-24, 1-25, 1-26, 1-27, 1-30, 1-31, 1-32, 1-33, 1-34, 1-35, 1-36 To 1-42, 2-1, 3-1, 3-3, 3-4, 3-5 |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി. പി(6)/965/2023 തിയ്യതി- 26.07.2023 | 38 | 1-1(a,b,c,d), 1-2-1(1), 1-2-2(1,2,3), 1-5, 1-7, 1-8, 1-9(1,2,3,4), 1-10 To 1-22, 1-24 To 1-29, 1-31, 1-32, 2-1, 3-1 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 66/2023 dated 27-06-2023 and submitted on 06-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Nadapuram Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Nadapuram Grama Panchayat for the year 2022-2023

**Date: 22/12/2023**

**Deputy Director**
**District Office Kozhikode**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Nadapuram Grama Panchayat for the Year 2022-2023 .

**1.Major Observations**

1-Non disclosure of assets

**2.Other Observations**

1-The following mandatory financial statements prescribed in accounting rules are not submitted for audit. Eg. Ratios

2.Cash flow Statement- Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3.Lapses in making timely and accurate demand entries in respect of tax and non tax revenue

4.The demand registers are not periodically reconciled with accounts

5.No authenticated worksheet available for the calculation of Depreciation provided for assets

6.E tender fee not accounted

7.Non disclosure of liabilities

8.Difference in expenditure in Development fund

9.The balance amount in the Assistant Engineer âs account at the end of the audit year but not included in the balance sheet.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ നാദാപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്